# പഞ്ചാംഗം.

എപ്പകത്തി ൩൦. ഞായറാഴ്ച അക്ഷരം ൪

[illegible]

## ൧൯൨൫ ആഗസ്റ്റ് — ൧൧൦൦ കർക്കടകം — ൧൧൦൧ ചിങ്ങം.

| തീയതി | മലയാളം | | എ. ഭാ. ക. മറിയത്തിന്റെ തിരുഹൃദയമാസം. | | |
|---|---|---|---|---|---|
| 1 | 17 | വെ | പത്രോസ് ശ്ലീ. ചങ്ങല. ന. ആ. കു. പെ. | | വെ. |
| 2 | 18 | ശ | പാ. വേദ. എസ്റ്റ. ന. ആ. കു. പെ. | | ച്യ. |
| 3 | 19 | ഞാ | ✠ പന്ത ൯-ാം ഞാ. ന. കു. ആ. | [illegible] | പ. |
| 4 | 20 | തി | മെ. ദൊമ്മിനിക്കോസ്. ന. ആ. കു. പെ. | | വെ. |
| 5 | 21 | ചൊ | മഞ്ഞുമാ പള്ളിക്രുദാ. ന. ആ. കു. പെ. | | വെ. |
| 6 | 22 | ബു | ന. ക. ഗെലിയാനാ. ന. ആ. കു. പെ. | | വെ- |
| 7 | 23 | വ്യാ | അ. വേ. ദൊനാത്തോസ് ന. ആ. കു. പെ. | | ച്യ. |
| 8 | 24 | വെ | വേദ. കുറിയാക്കോസും കൂട്ടരും ന. ആ. കു. പെ. | | ച്യ. |
| 9 | 25 | ശ | ⊕ വേദ. ലെവൗന്തിയോസ് തലേ. ന. ആ. കു. തലേ. | | റോ. |
| 10 | 26 | ഞാ | ✠ പന്ത. ൧൦-ാം ഞാ. ന. കു. ആ. | [illegible] | പ. |
| | | | ☞ അടുത്ത വ്യാഴം ഇ. വി. വെള്ളി കടം പള്ളിയിൽ അംഗീകണം. (വേദ.വി. ലെവൗന്തിയോസ്) കോട്ടാർമെത്രാനച്ചന്റെ നാമകാരണൻ. | | |
| 11 | 27 | തി | വേദ. തിബൂർത്തി. ശോശന്നാ. ന. ആ. കു. പെ. | | ച്യ. |
| 12 | 28 | ചൊ | അ. മെ. അൽബത്തോസ്. ന. ആ. കു. പെ. | | വെ. |
| 13 | 29 | ബു | മെ. യോ. ബക്മാൻസ് ന. ആ. കു. പെ. | | വെ. |
| 14 | 30 | വ്യാ | മാ. കരേററ തലേനാൾ (ഇ. വി.) ന. ആ. കു. തലെ. | | റോ. |
| 15 | 31 | വെ | ✠ എ. ഭാ. ക.മ. സ്വർഗ്ഗാരോപണം. ന. കു. പെ. | | വെ. |
| 16 | 32 | ശ | മെ. റൊക്കി. ന. ആ. കു. പെ. | | വെ. |
| 17 | 1 | ഞാ | ✠ പന്ത ൧൧-ാം ഞാ. (മെ. യസീന്ത്.) ന.കു.ആ. | [illegible] | വെ. |
| 18 | 2 | തി | വേദ. അഗപ്പീത്തുസ് ന. ആ. കു. പെ. | | ച്യ. |
| 19 | 3 | ചൊ | വേദ. ഗീവറുഗിസ് (ഏ. വ ന) ന. ആ. കു. പെ. | | വെ. |
| 20 | 4 | ബു | ആബാ. ബർണ്ണാർദ്ദ് ന. ആ. കു. പെ. | | ച്യ. |
| 21 | 5 | വ്യാ | മാതാവിന്റെ കരേററം എം. ന. ആ. കു. പെ. | | ച്യ. |
| 22 | 6 | വെ | മാതാ. കരേററം എട്ടാം ന. ആ. കു. പെ. | | വെ. |
| 23 | 7 | ശ | ⊕. ശ്ലീ. ബത്തലൂമ്മാ. ന. ആ. കു. തലേ. | | റോ. |
| 24 | 8 | ഞാ | ✠ പന്ത. ൧൨-ാം ഞാ. ന. കു. ആ. | [illegible] | പ. |
| 25 | 9 | തി | ശ്ലീ. ബത്തലൂമ്മാ ഇന്നലെ ന. ആ. കു. പെ. | | ച്യ. |
| 26 | 10 | ചൊ | പാ. വേദ. സെപ്പൂരീനോസ് ന. ആ. കു. പെ. | | ച്യ. |
| 27 | 11 | ബു | മെ. യൌസേപ്പ് കല. ന. ആ. കു. പെ. | | വെ. |
| 28 | 12 | വ്യാ | മെ. മ. അഗുസ്തീനോസ്. ന. ആ. കു. പെ. | | വെ. |
| | | | മലങ്കര മെത്രാപ്പോലീത്താ തിരുമനസ്സിലെ നാമകാരണൻ. | | |
| 29 | 13 | വെ | യോഹ. മാം. തലവെട്ടി ന. ആ. കു. പെ. | | ച്യ. |
| 30 | 14 | ശ | ക. റോസ ദെലീമ ന. ആ. കു. പെ. | | വെ. |
| 31 | 15 | ഞാ | ✠ പന്ത. ൧൩-ാം ഞാ. ന. കു. ആ. | [illegible] | പ. |

അടുത്തതു ആദ്യവെള്ളി.



ප. കന്യകമറിയത്തിന്റെ സ്വർഗ്ഗാരോഹണം.

"എന്റെ അമ്മെ! എന്റെ ആശ്രയമെ!"

കർമ്മല കുസുമം.

പുസ്തകം ൨൮) ൧൯൩൦ ആഗസ്റ്റ്. (ലക്കം ൮.

# ലോകാംബികാകീർത്തനം.

(ശ്രീമാൻ കെ. സി. അബ്രാഹം, മുണ്ടക്കയം.)

(ഇന്ദുമുഖി-ജാലനെ-മിക-ജാലനെ. എന്ന രീതി)

പല്ലവി.

കന്നിമരി—യംബികെ—സ്വർഗ്ഗനാ—യികേ മ—ഹേശ്വരി!

അനുപല്ലവി.

നിൻപദതാർ—കുമ്പിടുന്നേൻ—തുമ്പംനീക്കി പാലിക്ക. സ്വർഗ്ഗനാ...

ചരണങ്ങൾ.

നന്മനിറ—ഞ്ഞുള്ളവൾ നീ— ജന്മ—പാപ—ഹീനയാം. സ്വർഗ്ഗനാ...
ഭക്തരെ നീ— കാത്തിടുന്നു— മുക്തിമാർഗ്ഗ-മായതിൽ. സ്വർഗ്ഗനാ...
പാപമതാം—ക്രൂരിരുട്ടിൽ—താപം പോക്ക—മിന്നു നീ. സ്വർഗ്ഗനാ...
നീതിയതിൻ—പകലോൻ താൻ— നിത്യനാകും— നിൻസുതൻ. സ്വർഗ്ഗനാ...
നിന്നഭയം തേടുവോരാ— മന്നിലെ വി—ജ്ഞാനികൾ. സ്വർഗ്ഗനാ...
സഹകരിച്ചാൽ നാരി ഹവ്വാ— മർത്ത്യഭാഗ്യനഷ്ടത്തിൽ. സ്വർഗ്ഗനാ...
സഹകരിപ്പൂ നീയംബികേ— മുക്തിമാർഗ്ഗവേലയിൽ. സ്വർഗ്ഗനാ...
ദാസർക്കായ് നീ— പ്രാർത്ഥിക്കിപ്പോൾ— മൃത്യുനേരം തന്നിലും സ്വർഗ്ഗനാ...

# പ്രസാധകക്കുറിപ്പുകൾ.

## ദൈവജനനിയുടെ സ്വർഗ്ഗാരോഹണത്തിരുനാൾ.

കത്തോലിക്കാപാരമ്പര്യം പരിശുദ്ധ കന്യക ആഗസ്റ്റ് പതിനഞ്ചിൽ സ്വർഗ്ഗാരോഹണം ചെയ്തു എന്നാണല്ലൊ. ദൈവജനനി സ്വർഗ്ഗത്തിൽ എഴുന്നെള്ളി ത്രിലോകരാജ്ഞിയെന്നുള്ള സ്ഥാനം ദൈവത്തിൽനിന്നു പ്രാപിച്ച് ദൈവസിംഹാസനത്തിങ്കൽ നമ്മുടെ മാദ്ധ്യസ്ഥയായി ഭവിച്ച ദിവസം ദൈവമാതാവിൻെറ ഭക്തർക്ക് ഏററം സന്തോഷകരമായ ഒന്നുതന്നെയാണ്.

## അടുത്തലക്കം മുതൽ.

കുസുമത്തിന്റെ പ്രകൃതിയിൽ ചില പരിഷ്കാരങ്ങൾ വരുത്തണമെന്നു പല മാസങ്ങളായി കരുതിയിരുന്നതു് ഇതേവരെ നടപ്പിലാക്കുന്നതിനു സാധിക്കാതെയാണു വന്നതു്. എന്നാൽ അടുത്തലക്കംമുതൽ ഏതാനും ചില പരിഷ്കാരങ്ങൾ വരുത്തുന്നതിനു തീർച്ചയാക്കിയിട്ടുള്ള വിവരം വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

### 1. സുവിശേഷവിവരണം.

കുസുമത്തിന്റെ ആരംഭം മുതൽ സുവിശേഷ വിവരണം എന്ന ഒരു ലേഖനപരമ്പര ഇതിൽ പ്രസിദ്ധം ചെയ്തുവന്നിരുന്നു. പ്രസ്തുത വിവരണം പലപ്പോഴും മുടങ്ങിപ്പോയിട്ടുണ്ടു്. മേലാൽ ഓരോ ലക്കം കുസുമത്തിലും ഈദൃശമായ ഒരു ലേഖനം ഉണ്ടായിരിക്കുന്നതാണു്.

### 2. അകത്തോലിക്ക വാദങ്ങൾക്കു കത്തോലിക്കാ പ്രത്യുത്തരം.

കത്തോലിക്കാ പത്രങ്ങൾകൊണ്ടുള്ള പ്രയോജനങ്ങളിൽ ഒന്നു അകത്തോലിക്കർ പുറപ്പെടുവിക്കുന്ന ഓരോ വാദങ്ങൾക്കു് തക്ക മറുപടി പറഞ്ഞു് കത്തോലിക്കരേ തങ്ങളുടെ വിശ്വാസത്തിന്റെ ന്യായം മനസ്സിലാക്കി സത്യവിശ്വാസത്തിൽ ഉറപ്പിക്കുകയാണല്ലൊ. ഇതിനുതക്കവിധത്തിൽ, സാമാന്യം കേൾക്കാറുള്ള അകത്തോലിക്കവാദങ്ങളെ ഖണ്ഡിച്ചു സാക്ഷാൽ കത്തോലിക്കാ തത്വത്തിന്റെ സത്യതയേയും അംഗീകാര്യതയേയും വിശദമാക്കുന്ന ചെറു ലേഖനങ്ങൾ മേലാൽ. ഓരോ ലക്കം കുസുമത്തിലും പ്രസിദ്ധീകരിക്കണമെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്.

### 3. പ്രാർത്ഥനാനിയോഗങ്ങൾ.

പലർ യോജിച്ചുചെയ്യുന്ന പ്രാർത്ഥനയുടെ ഫലം വളരെ അധികമാണെന്നു നമ്മുടെ ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. ഇതു നിമിത്തം തന്നെയാണു് ഗൗരവതരമായ ആവശ്യങ്ങൾ നേരിടുമ്പോൾ തിരുസഭയിൽ പരസ്യപ്രാർത്ഥനകൾ നടത്തിവരുന്നതു്. കുസുമവായനക്കാരിൽ ആർക്കെങ്കിലും ദൈവത്തിൽനിന്നു പ്രത്യേക നന്മകൾ ലഭിക്കേണ്ടതായി വരുമ്പോൾ മററു കുസുമവായനക്കാരുടെ പ്രാർത്ഥനയും ലഭിക്കുന്നതു് സന്തോഷാവഹവും പ്രയോജനകരവുമായിരിക്കുമെല്ലൊ. അതിനായി ഓരോരുത്തർ തങ്ങളുടെ ആവശ്യങ്ങൾ അഥവാ നിയോഗങ്ങൾ എന്താണെന്നു ചുരുക്കമായി എഴുതി ഓരോമാസവും 20-ാംനുക്കകം ഇവിടെ കിട്ടത്തക്കവണ്ണം എഴുതി അയച്ചുതന്നാൽ അതു അടുത്ത ലക്കം കുസുമത്തിൽ പേരും സ്ഥലവും ഒന്നും പ്രസ്താവിക്കാതെ കാര്യം മാത്രം കാണിച്ചു ചേർക്കുന്നതായിരിക്കും. ഈ വിധം മററു കുസുമവായനക്കാരുടെ പ്രാർത്ഥനയെ അഭ്യർത്ഥിച്ചുകൊണ്ടു കുസുമവരിക്കാരുടെ നിയോഗങ്ങൾ പ്രസിദ്ധീകരിക്കുന്നതിലേക്കു പണമൊന്നും അയയ്ക്കേണ്ട ആവശ്യമില്ല. ഇങ്ങിനെ ഇവിടെ അയച്ചുവരുന്ന നിയോഗങ്ങൾ കുസുമത്തിൽ പ്രസിദ്ധം ചെയ്യുന്നതു കൂടാതെ, മാസത്തിലെ ആദ്യശനിയാഴ്ച ഈ നിയോഗങ്ങൾ സാധിക്കുന്നതിനായി ഇവിടെ കർമ്മലനാഥയുടെ പീഠത്തിൽ ഒരു കുർബാന ചൊല്ലുന്നതുമായിരിക്കും.

---

തിരുത്തി വായിക്കണം— കഴിഞ്ഞ ജ്ജൂൺ ലക്കത്തിലെ കുസുമത്തിൽ 12 -ാം പക്ഷത്തിൽ 'ഈശോയുടെ നോട്ടവും അനുതപ്തനായ വി. പത്രോസും' എന്ന ലേഖനത്തിലെ ആദ്യവാചകത്തിലുള്ള 'പീലാത്തോസിന്റെ' എന്നതു 'കയ്യാപ്പായുടെ' എന്നും രണ്ടാമത്തെ വാചകത്തിലുള്ള 'ഗവർണ്ണരുടെ' എന്നതു് 'പ്രധാനാചാര്യന്റെ' എന്നും തിരുത്തി വായിക്കേണ്ടതാണു്.

### പരിശുദ്ധ കന്യക

# മറിയത്തിൻെറ സ്വർഗ്ഗാരോഹണം

(ഫാദർ പ്ളാസിഡ് സി. ഡി; പി. എച്ച്. ഡി; ഡി ഡി; ഡി. സി. എൽ.)

ഓഗസ്റ്റ് 15-ാംനു- ആഘോഷിക്കുന്ന തിരുനാൾ പരിശുദ്ധ കന്യകമറിയത്തിൻെറ മരണത്തേയും ആത്മശരീരങ്ങളോടുകൂടിയുള്ള സ്വർഗ്ഗാരോഹണത്തേയും നമ്മെ പ്രത്യേകവിധം അനുസ്മരിപ്പിക്കുന്നു. മറിയം ആത്മശരീരങ്ങളോടുകൂടി സ്വർഗ്ഗപ്രാപ്തയായി എന്നതു് തിരുസഭയുടെ അവസാനനിർണ്ണയങ്ങളിൽ (Definitions) പെട്ട ഒരു പഠനമല്ലെങ്കിലും തിരുസഭ ഒട്ടുക്കു പരക്കെ അതു പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്തുപോരുന്നു. ഈ സത്യം നിഷേധിക്കുക ഭക്തിശൂന്യവും ദൈവദൂഷണപരവും ആണെന്നു 14-ാം ബെനദിക്തോസ് മാർപ്പാപ്പാ പറയുന്നു. (De Festis B. V. M. I. VIII. 18.)

പ. ക. മറിയം മരിച്ചതു് എന്നാണെന്നും എവിടെയാണെന്നും ആർക്കും ഇപ്പോൾ നിശ്ചയമില്ല. 403-ൽ കാലം ചെയ്ത വി. എപ്പിഫാനിയോസ് പറയുന്നതു് തനിക്ക് ഈ വിഷയത്തിൽ ക്ലിപ്തമായ യാതൊരു അറിവുമില്ലെന്നത്രെ. (Haer. LXXIX. II.) പ. ക. മറിയം ശരീരത്തോടെ സ്വർഗ്ഗപ്രാപ്തയായി എന്നു് ആദ്യശതാബ്ദങ്ങളിൽ എഴുതപ്പെട്ട പല അപ്രമാണ (Apochryphal) ഗ്രന്ഥങ്ങളിലും കാണുന്നുണ്ടു്. ദമശേനിലെ വി. യോഹന്നാൻ (cf. Patrologia Graeca I. 96) ഓർശ്ലേമിലെ വി. മൊദേസ്തൂസ്, റൂർസിലെ വി. മത്തീൻ (De Gloria Mart. I. IV.) മുതലായി പൌരസ്ത്യരും പാശ്ചാത്യരുമായ സഭാപിതാക്കന്മാരുടെ കൃതികളിൽ ഈ വിശ്വാസം തെളിവായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. ഓർശ്ലേം മെത്രാനായിരുന്ന വി. യൂവനേൽ 451-ൽ സമ്മേളിച്ച കൽക്കദോനിയാ സൂനഹദോസിൽവച്ച് മറിയം ശരീരത്തോടുകൂടി സ്വർഗ്ഗപ്രാപ്തയായി എന്നു പ്രസ്താവിക്കുകയുണ്ടായി.

പാശ്ചാത്യ പൌരസ്ത്യ സഭകളിൽ അത്യാഡംബരപൂർവ്വമാണ് ഈ തിരുനാൾ ആഘോഷിച്ചുവരുന്നതു്. ഓഗസ്റ്റ് 15-ാംനു- തന്നെയാണ് മറിയത്തിൻെറ മരണദിനമെന്നു തീർത്തുപറഞ്ഞുകൂടാ. ഫ്രാൻസിൽ ആരംഭത്തിൽ ജനുവരിയിൽ ആഘോഷം നടത്തിയിരുന്നു; Mediante Mense undecimo (Greg. Turon, De Gloria Mart. I. IX.) പുരാതന ഗാള്ളിക്കൻ റീത്തുപ്രകാരം ജനുവരി 18 ആയിരുന്നു മറിയത്തിൻെറ സ്വർഗ്ഗാരോഹണദിനം (Patrologia Latina Lxxii. 180.) - റോമൻറീത്തു സ്വീകരിച്ചശേഷമാണ് ഗാള്ളിക്കൻസഭ ഈ പതിവു നിറുത്തലാക്കിയതു്.

പ. ക. മറിയത്തിൻെറ സ്തുതിക്കായി ഒരു തിരുനാൾ മാത്രമേ റോമ്മായിൽ ആഘോഷിച്ചിരുന്നൊള്ളു. അതു് ജനുവരി ഒന്നാം തീയതി ആയിരുന്നു. (Batiffol, Brev. Rom. 134) മറിയത്തിൻെറ സ്വർഗ്ഗാരോഹണത്തിരുനാൾ റോമ്മായിൽ ആഘോഷിച്ചുതുടങ്ങിയതു് എന്നു മുതലാണെന്നു നിശ്ചയമില്ലെങ്കിലും 700-ാം കാലത്തിനു മുമ്പ് അതു് അവിടെ ഒരു പ്രധാന തിരുനാളായിരുന്നു എന്നതിൽ തർക്കമില്ല. ആഘോഷദിവസം ഓഗസ്റ്റ് 15 ആയിരുന്നു. റോമൻ റീത്തിൽ എട്ടാമിടമുണ്ടെങ്കിലും അംബ്രോസിയൻ റീത്തിൽ അതില്ല.

ലത്തീൻസഭയിൽ ഓഗ്സ്ബേർഗ് രൂപതയിൽ മാത്രം ഓഗസ്റ്റ് 13-ൽ ഇപ്പോൾ ഈ ആഘോഷം നടക്കുന്നു. മ

*

റുസ്ഥലങ്ങളിലെല്ലാം ഓഗസ്റ്റ് 15 ആണ് മറിയത്തിന്റെ സ്വർഗ്ഗാരോഹണ ദിവസം. ബവേറിയായിൽ ചില സ്ഥലങ്ങളിൽ 40 ദിവസത്തേക്ക് ഈ തിരുനാളാഘോഷം നീളിച്ചിരുന്നു. (Grotefend, Calendaria 2, 136). ചിലസ്ഥലങ്ങളിൽ ഓഗസ്റ്റ് 15-ൽ മറിയത്തിന്റെ മരണവും, 17-ൽ സ്വർഗ്ഗാരോഹണവും, 18-ൽ കിരീടധാരണവും ആഘോഷിക്കാറുണ്ട്. എന്നാൽ മരണത്തിനും സ്വർഗ്ഗാരോഹണത്തിനുമായി ലത്തീൻ സഭ ഔദ്യോഗികമായി നിശ്ചയിച്ചിരിക്കുന്ന ദിവസം ഓഗസ്റ്റ് 15 ആകുന്നു.

കിഴക്കൻസഭകളുടെ നടപ്പ് എങ്ങിനെയെന്ന് ഇനി ആലോചിക്കാം. ഗ്രീക്കുകാരിൽ ചിലരും (അലക്സാന്ത്രിയായിൽ) അറേബ്യരും ജനുവരിയിലും മറ്റു ചിലർ ഓഗസ്റ്റിലും പ്രസ്തുത ആഘോഷം നടത്തിയിരുന്നു. മാവുരുസ് ചക്രവർത്തി († 602) ഓഗസ്റ്റ് 15 തിരുനാൾ ദിവസമായി നിശ്ചയിച്ചെന്നു വിചാരിക്കാവുന്നതാണ്. (Liber Pontificialis II. 5 8). ഗ്രീക്കുസഭയിൽ ഓഗസ്റ്റ് 23 ഉൾപ്പെടെയാണ് ആഘോഷം. ചില സ്ഥലങ്ങളിൽ ഓഗസ്റ്റ് 29 വരെ ആഘോഷം നീളിച്ചിരുന്നു. (Menaea Graeca, Venice 1880). അലക്സാന്ത്രിയൻസഭയെപ്പററി താഴെ പറഞ്ഞുകൊള്ളാം. പലസ്തീനായിൽ 500-ാം കാലത്തിനുമുമ്പ് ഈ തിരുനാളുണ്ടായിരുന്നു. അവിടത്തെ ആഘോഷം ഓഗസ്റ്റിൽ ആയിരുന്നെന്നു വിശ്വസിക്കുവാൻ ന്യായങ്ങളുണ്ട്. (Baeumer Brevier 185).

സുറിയാനിസഭകളുടെ നടപ്പ് മേൽ പ്രസ്താവിച്ചതിനോട് പൂർണ്ണമായി യോജിക്കുന്നു. മറിയത്തിന്റെ ശൂനായാ (മാററം) സുറിയാനിക്കാർക്കു വളരെ പാവനമായ ഒരു സംഭവമാണ്. സുറിയാനിസഭക്കാർ ഓഗസ്റ്റ് 15-ൽ ഈ തിരുനാൾ ആഘോഷിക്കുന്നു. തിരുനാളിനു മുമ്പായി എല്ലാവർക്കും തന്നെ (യാക്കോബായ, നെസ്തോറിയൻ ആദിയായ പാഷണ്ഡർക്കും) പതിനഞ്ചുനോമ്പുണ്ട്. എന്നാൽ കൽദായക്കാർ ഇപ്പോൾ തിരുനാളിനുമുമ്പുള്ള മൂന്നു ദിവസം മാത്രമേ നോമ്പു നോൽക്കുന്നൊള്ളു. മലങ്കരെയുള്ള കത്തോലിക്കാ സുറിയാനിക്കാരുടെ ഇടയിൽ കുറേനാളായിട്ട് പതിനഞ്ചുനോമ്പു നിർബന്ധമില്ല.

1599-ൽ സമ്മേളിച്ച ഉദയമ്പേരൂർ സൂനഹദോസ് 8-ാം യോഗം 9-ാം നിയമത്തിൽ (Actio VIII. Decret. IX) മറിയത്തിന്റെ സ്വർഗ്ഗാരോഹണം കടമുള്ള തിരുനാളായി നിശ്ചയിച്ചിരിക്കുന്നു. എന്നാൽ സൂനഹദോസിനുമുമ്പ് ഈ തിരുനാൾ മലങ്കരെ ഉണ്ടായിരുന്നെന്നോ കടമുള്ളതായിരുന്നെന്നോ ഒന്നും ആ നിയമത്തിൽനിന്നു അനുമാനിച്ചുകൂടാ. പക്ഷേ അതേയോഗം 11-ാം നിയമത്തിൽ (Actio VIII. Decret. XI.) മറിയത്തിന്റെ കരേററ തിരുനാളിനു മുമ്പ് ഓഗസ്റ്റ് 1-ാംനു- തുടങ്ങുന്ന പതിനഞ്ചുനോമ്പ് സൂനഹദോസ് അംഗീകരിക്കുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നു. ഓഗസ്റ്റ് മാസത്തിൽ ആഘോഷിക്കപ്പെടുന്ന സ്വർഗ്ഗാരോഹണത്തിന്റെ (Assumption) സ്തുതിക്കായി മലങ്കരയുടെ ഗീവറുഗീസ് അർക്കദിയാക്കോൻ പണികഴിച്ച ഒരു പള്ളിക്ക് ചില ദണ്ഡവിമോചനങ്ങൾ അനുവദിക്കണമെന്നു കൊച്ചീരാജാവ് 13-ാം ഗ്രീഗോറിയോസ് മാർപ്പാപ്പായോട് 1576 ജനുവരി 2-ൽ അപേക്ഷിക്കയും അതേവത്സരം ഡിസംബർ 21-ൽ മാർപ്പാപ്പാ അവ സസന്തോഷം അനുവദിക്കുകയും ചെയ്തു. (Giamil, Genuinae Relationes pp. 75-77). ആകയാൽ പ്രസ്തുത തിരുനാൾ ഉദയംപേരൂർ സൂനഹദോസിനു മുമ്പ് മലങ്കരെ ആഘോഷിച്ചിരുന്നെന്നും ആഘോഷദിവസം ഓഗസ്റ്റ് 15-ആയിരുന്നെന്നും തെളിയുന്നു. സുറിയാനി സഭ ഒട്ടുക്കു ഈ തിരുനാൾ ആഘോഷിക്കപ്പെട്ടുക നിമിത്തം ലത്തീൻകാരിൽനിന്നു മലങ്കരസഭ ഇതുസ്വീകരിച്ചെന്നുപറഞ്ഞുകൂടാ. സുറിയാനിസഭകൾ എന്നുമുതലാണു ഈ തിരുനാൾ ആഘോഷിച്ചു തുടങ്ങിയതെന്നു ക്ലിപ്തമായി പറയുവാൻ വിഷമം. അതിപുരാതനകാലം മുതലാണെന്നു തീർച്ചപറയാം. മറിയത്തിന്റെ ശരീരവും സ്വർഗ്ഗത്തിൽ പ്രവേശിച്ചുവെന്നു വ്യക്ത

മായി കൽദായ സഭയും നെസ്തോറിയൻസഭയും ഓഗസ്റ്റ് 15-ലെ കാനോൻജപത്തിൽ അനുസരിച്ചുപറയുന്നു. സുറിയാനിസഭകളെല്ലാം ഓഗസ്റ്റ് 15-ൽ മറിയത്തിൻെറ മരണവും (ശൂനായാ) സ്വർഗ്ഗാരോഹണവും ആഘോഷിക്കുന്നു.

ഈജിപ്തായ (Coptic) അബിസീനിയൻ (Ethiopic) സഭകളും മറിയത്തിൻെറ സ്വർഗ്ഗാരോഹണത്തിരുനാൾ ആഘോഷിക്കുന്നുണ്ട്. ഈ സഭകൾ ഓഗസ്റ്റ് 15-ൽ മറിയത്തിൻെറ ശവസംസ്കാരവും, 16-ൽ സ്വർഗ്ഗാരോഹണവും കൊണ്ടാടുന്നു. (Kalendarium Copto-aetiopicum, Bullarium Patronatus Portugalliae T. 2. pp. 398, 415.) പുരാതന അബിസീനിയൻ പഞ്ചാംഗത്തിൽ ഓഗസ്റ്റ് 15-ൽ "മറിയത്തിൻെറ ശരീരത്തിൻെറ കരേററം" എന്നും, പുരാതന ഈജിപ്തായ പഞ്ചാംഗത്തിൽ "നാഥയുടെ ശരീരത്തിൻെറ കരേററം" എന്നും കുറിച്ചിരിക്കുന്നു. (പ്രസ്തുത പഞ്ചാംഗങ്ങളിലെ ഓഗസ്റ്റ് 15 കത്തോലിക്കാസഭയൊട്ടുക്ക ഇപ്പോൾ ഉപയോഗിക്കുന്ന ഗ്രിഗോരിയൻ പഞ്ചാംഗപ്രകാരം ഓഗസ്റ്റ് ഇരുപതും അകത്തോലിക്കരായ പൌരസ്ത്യരുടെ യൂലിയൻ പഞ്ചാംഗപ്രകാരം ഓഗസ്റ്റ് എട്ടും ആയിരിക്കും) അലക്സാന്ത്രിയായിലെ നടപ്പുപോലെ പ്രസ്തുത സഭകൾ രണ്ടും ജനുവരി 21-ൽ മറിയത്തിൻെറ മരണം ആഘോഷിക്കുന്നു. (Ibidem p. 324) അലക്സാന്ത്രിയായിൽ സ്വർഗ്ഗാരോഹണം ജനുവരി 22-ൽ ആയിരുന്നു. (Ibidem p. 415).

ലത്തീൻ, ഗ്രീക്ക, സുറിയാനി എന്ന സഭകൾ പൊതുവെ മരണവും സ്വർഗ്ഗാരോഹണവും ഓഗസ്റ്റ് 15-ലും അലക്സന്ത്രിയാസഭ ജനുവരി 21-ൽ മരണവും (Koimesis), 22-ൽ സ്വർഗ്ഗാരോഹണവും (Metastasis), ഈജിപ്തായ അബിസീനിയൻ സഭകൾ ജനുവരി 21-ാംനു- മരണവും ഓഗസ്റ്റ് 15-ാംനു- ശവസംസ്കാരവും 16-ാംനു- സ്വർഗ്ഗാരോഹണവും ആഘോഷിക്കുന്നു എന്ന് മേൽ പ്രസ്താവിച്ചവയിൽ നിന്നു വ്യക്തമാകുന്നു. 1342-ൽ സമ്മേളിച്ച ഒരു അർമ്മേനിയൻ സൂനഹദോസിൽ അർമ്മേനിയൻമെത്രാന്മാർ മറിയം ശരീരസഹിതം സ്വർഗ്ഗപ്രാപ്തയായിരിക്കുന്നുഎന്നു അനുസരിച്ചു പറയുകയുണ്ടായി. (H. Mazzella III. § 350.)

പ. ക. മറിയത്തിൻെറ ശരീരവും സ്വർഗ്ഗഭാഗ്യമനുഭവിക്കുന്നു എന്നത് ഏററം പുരാതനമായ ഒരു വിശ്വാസമാണെന്ന് ഇതുവരെ പറഞ്ഞവയിൽ നിന്നു തെളിയുന്നു. കത്തോലിക്കരെന്നൊ അകത്തോലിക്കരെന്നൊ ഉള്ള വ്യത്യാസം കൂടാതെ പാശ്ചാത്യപൌരസ്ത്യ സഭാംഗങ്ങൾ അതിപുരാതനകാലം മുതൽ ഈ സത്യം വിശ്വസിച്ചുപോരുന്നു. ലത്തീൻ സഭയിൽ നിന്നു പിരിഞ്ഞുപോയ പ്രോട്ടസ്റ്റൻറു,'പഴയ കത്തോലിക്കർ', ആദിയായ പാശ്ചാത്യപാഷണ്ഡർ ഈ തിരുനാൾ ആഘോഷിക്കുന്നില്ലെങ്കിലും അവരിൽ ചിലരുടെ കൈവശമുള്ള പഞ്ചാംഗങ്ങളിൽ ഇതും കുറിച്ചിട്ടുണ്ട്. വിഭിന്ന സഭകളെല്ലാം ഈ വിശ്വാസം അതിപുരാതനമായി കരുതുന്നതിൽ നിന്ന് പരസ്പരം ദ്വേഷിക്കുന്ന വിഭിന്ന സഭാംഗങ്ങൾ തിരുസഭയിൽ നിന്നു പിരിയുന്നതിനു മുമ്പ് ഈ വിശ്വാസം അതിപുരാതനമായ ഒന്നായി തിരുസഭ ഒട്ടുക്ക കരുതപ്പെട്ടിരുന്നു എന്നു തെളിയുന്നു. ഇത്ര പുരാതനമായ ഒരു വിശ്വാസം ശ്ലീഹന്മാരിൽ നിന്നു ലഭിച്ചതല്ലാതെ മററുവിധമാകുവാൻ പാടുള്ളതല്ല. ശ്ലീഹന്മാരിൽ നിന്നല്ല ഇതിൻെറ ഉത്ഭവമെങ്കിൽ വേറെ ആരിൽ നിന്നാണെന്നു വിശദമാക്കേണ്ട ഭാരം വിരോധികളിലാണ് സ്ഥിതിചെയ്യുന്നത്. ഈ വിശ്വാസം ശ്ലൈഹികമല്ലെങ്കിൽ നൂതനങ്ങളും അവാസ്തവങ്ങളും ആയ ഉപദേശങ്ങളെ വിരോധിക്കുന്നതിൽ സദാ ബദ്ധശ്രദ്ധയായിരുന്ന പുരാതനസഭയിൽ ഇതെങ്ങിനെ സ്വീകരിക്കപ്പെട്ടു? അപ്രമാണങ്ങളെങ്കിലും അതിപുരാതനങ്ങളായ കൃതികളിൽ കാണുന്ന സ്വർഗ്ഗാരോഹണത്തെപ്പററിയുള്ള പ്രസ്താവനകളുടെ അധാരം ശ്ലൈഹികപാരമ്പര്യം ഒന്നുമാത്രമാകുന്നു.

മാതാവായ തിരുസഭ ലത്തീൻസഭയെ ഉദ്ദേശിച്ചെടത്തോളം പ്രസ്തുത തിരുനാൾ ഒരു മഹോത്സവമാക്കി ഉയർത്തിയിരിക്കുന്നു. ലത്തീൻസഭയൊട്ടുക്ക കടമുള്ള

വയായി ആചരിക്കേണ്ടതിരുനാളുകളിൽ ഒന്നാണ ഈതിരുനാൾ. (Codex Piano Benedictinus Can. 1247 § 1). മുടക്കപ്പെട്ടിരിക്കുന്ന (Local Interdict) പള്ളികളിൽ ഈ ദിവസം "പട്ടംകൊട"യുംആഘോഷമായ വിവാഹവും മാത്രമേ മുടക്കപ്പെട്ടിട്ടൊള്ളു. (Ibid. Can. 2270 §. 2.) ഇതിൽ നിന്നെല്ലാം മാതാവായ തിരുസഭയുടെ ദൃഷ്ടിയിൽ മറിയത്തിൻെറ സ്വർഗ്ഗാരോഹണം എത്ര പൂജ്യമായ ഒരു സത്യമാണെന്നു വിശദമാകുന്നു.

പ. ക. മറിയം മരിച്ചപ്പോൾ നമ്മുടെ പിതാവു് മാർ തോമ്മാ സമീപത്തില്ലായിരുന്നു. മൃതശരീരമെങ്കിലും കാണണമെന്നുള്ള ആഗ്രഹത്തോടെ കബറിടം തുറന്നപ്പോൾ പുഷ്പങ്ങളല്ലാതെ യാതൊന്നും അതിൽ കണ്ടില്ല. സംസ്കാരദിവസം മുതൽ കബറിടത്തിങ്കൽ കേട്ടിരുന്ന മാലാഖമാരുടെ ഗാനം കബറിടം തുറക്കുന്നതിനു മുമ്പുതന്നെ കേൾക്കവാനില്ലെന്നായി. മറിയത്തിൻെറ ശരീരം ഉയത്ത്ഴുന്നേററു സ്വർഗ്ഗത്തിൽ പ്രവേശിച്ചെന്നല്ലയൊ ഇതിൽനിന്നുള്ള അനുമാനം? ഇതാണു് സ്വർഗ്ഗാരോഹണത്തെ പററിയുള്ള പാരമ്പര്യം. ഓർശ്ലേമിലെ വി. യൂവനേൽ 451–ൽ കൽക്കിദോനിയാ സൂനഹദോസിൽ വെച്ചു ഈ സംഭവം വിവരിച്ചതും ഏകദേശം ഇപ്രകാരംതന്നെയാകുന്നു.

---

## കത്തോലിക്കർ

# എന്തു വിശ്വസിക്കുന്നില്ല?

ഈയിടെ ചില അകത്തോലിക്ക പത്രമാസികകളിൽകാണാനിടയായ ഒരു സംഗതി ബഹുരസംതന്നെ. ആ പ്രസിദ്ധീകരണങ്ങളിൽ ചില ലേഖകന്മാർ അവരുടെ മനോരാജ്യത്തിൽതോന്നുന്നചില സംഗതികൾ കത്തോലിക്ക സഭയുടെ ബോധനങ്ങളായി സങ്കല്പിക്കമാത്രമല്ലാ, തീർച്ചയാക്കുകകൂടെ ചെയ്തിരിക്കുന്നതായി കാണുന്നു. എന്നാൽ ഇതുമതിയൊ? പ്രസ്തുതസഭ യാതൊരു വിധത്തിലും ഒരിക്കലും പഠിപ്പിച്ചിട്ടില്ലാത്തതും ഈ ലേഖകന്മാരുടെ മനോരാജ്യത്തിൽ മാത്രം സ്ഥിതിചെയ്യുന്നതുമായ ആ സംഗതികൾക്കു കത്തോലിക്കർ ന്യായവും, സമാധാനവും, തെളിവുകളും, രേഖകളും കൊടുക്കണമെന്നു് ആവശ്യപ്പെട്ടിരിക്കുന്നതാണ ഇതിലും വിചിത്രം. ഈവിധ ലേഖകന്മാർ മേലാൽ ഇങ്ങിനെയുള്ള കഥയില്ലാത്ത കാര്യങ്ങളുമായി പുറപ്പെടാതിരിക്കുന്നതിനും അവർ സത്യാന്വേഷികളെങ്കിൽ കാര്യത്തിൻെറ യഥാർത്ഥസ്ഥിതി ഗ്രഹിക്കുന്നതിനും വേണ്ടി കത്തോലിക്കർ വിശ്വസിക്കാത്ത ചില സംഗതികൾ ചുവടേ ചേർക്കുന്നതു ഉപകാരപ്രദമായിരിക്കുമെന്നു വിചാരിക്കുന്നു.

1. പാപ്പാദൈവമാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നില്ലാ.

2. പാപ്പായിക്കു തെററൊന്നും ചെയ്യാൻപാടില്ലെന്നു ക. വിശ്വസിക്കുന്നില്ല.

3. വത്തിക്കാൻ സംസ്ഥാനമൊഴിച്ചുലോകത്തിലെ ഏതെങ്കിലും രാജ്യത്തിന്മേലൊ പ്രദേശത്തിന്മേലൊ പാപ്പായിക്കു ഭൗമികാധികാരം ഉണ്ടെന്നു ക. വിശ്വസിക്കുന്നില്ല.

4. പാപ്പായിക്കു രാഷ്ട്രിയ വിധേയത്വം (Political allegiance) അവശ്യപ്പെടാമെന്നു ക. വിശ്വസിക്കുന്നില്ല.

5. നിയമങ്ങളെയൊ വാഗ്ദാനങ്ങളെയൊ ഉടമ്പടികളെയൊ പാപ്പായിക്കു

യഥേഷ്ടം അവാസ്യവപ്പെട്ടത്താമെന്നു ക. വിശ്വസിക്കുന്നില്ല.

6. അകത്തോലിക്കരുടെ വിവാഹങ്ങളെല്ലാം അസാധുവാണെന്നു ക. വിശ്വസിക്കുന്നില്ല.

7. അകത്തോലിക്കരായ ഭാര്യാഭർത്താക്കന്മാർ പാപത്തിൽ ജീവിക്കുന്നെന്നൊ, അവരുടെകുട്ടികൾ വ്യാജസന്താനങ്ങളാണെന്നൊ ക. വിശ്വസിക്കുന്നില്ല.

8. അകത്തോലിക്കരോടുള്ള ഉടമ്പടികൾ യഥേഷ്ടം ലംഘിക്കാമെന്നു ക. വിശ്വസിക്കുന്നില്ല.

9. അകത്തോലിക്കരെ ദ്വേഷിക്കയൊ ഞെരുക്കുകയൊ ചെയ്യാവുന്നതാണെന്നു ക.വിശ്വസിക്കുന്നില്ല.

10 കത്തോലിക്കസഭയുടെ ദൃശ്യാംഗങ്ങളല്ലാത്ത അകത്തോലിക്കരേവരും നശിച്ചുപോകുമെന്നു ക. വിശ്വസിക്കുന്നില്ല.

11. സന്മാർഗ്ഗനിരതരും, ഉത്തമവിശ്വാസത്തോടു (bona fide) കൂടിയവരുമായ അകത്തോലിക്കർ നശിച്ചുപോകുമെന്നു ക. വിശ്വസിക്കുന്നില്ല.

12. സ്വന്തകുററം കൂടാതെ ആരെങ്കിലും നശിച്ചുപോകുമെന്ന് ക. വിശ്വസിക്കുന്നില്ല.

13. അകത്തോലിക്കസ്കൂളുകളുടെ സ്ഥാപനം തെററാണെന്നൊ, അവയെല്ലാം നശിപ്പിക്കപ്പെടേണ്ടതാണെന്നൊ ക. വിശ്വസിക്കുന്നില്ല.

14. പാപമോചനം വിലയ്ക്കുവാങ്ങാവുന്നതാണന്നു ക. വിശ്വസിക്കുന്നില്ലാ.

15. ശുദ്ധീകരണസ്ഥലത്തിൽ നിന്നുള്ള രക്ഷ വിലക്കു വാങ്ങാവുന്നതാണെന്നു ക. വിശ്വസിക്കുന്നില്ല.

16. പാപം ചെയ്യുന്നുള്ള അനുവാദമൊ ലൈസൻസൊ എവിടെനിന്നെങ്കിലും പ്രാപിക്കാവുന്നതാണെന്നു ക. വിശ്വസിക്കുന്നില്ല.

17. അനുതാപംകൂടാതെ പാപമോചനം കിട്ടുമെന്നു ക. വിശ്വസിക്കുന്നില്ല.

18 സ്വരൂപങ്ങൾ ആരാധിക്കപ്പെടാമെന്നു ക. വിശ്വസിക്കുന്നില്ല.

19 ഏകദൈവത്തിനല്ലാതെ ഏതെങ്കിലും ഒരു സൃഷ്ടിക്ക് (ആളിനൊ വസ്തുവിനൊ) ആരാധന വണക്കം നൽകാമെന്നു ക. വിശ്വസിക്കുന്നില്ല.

20 പരി. ക. മറിയം ദൈവത്തോടു സമമുള്ളവളാണെന്നു ക. വിശ്വസിക്കുന്നില്ല.

21 വിവാഹമോചനം അനുവദിക്കപ്പെടാവുന്നതാണെന്നു ക. വിശ്വസിക്കുന്നില്ല.

22 ജനനനിയന്ത്രണം സ്വീകാര്യമാണെന്നു ക. വിശ്വസിക്കുന്നില്ല.

23 ജ്ഞാനസ്നാനം (അഗ്രഹത്താലുള്ളതെങ്കിലും) കൂടാതെ രക്ഷ കിട്ടുമെന്നു ക. വിശ്വസിക്കുന്നില്ല.

24. വേദപുസ്തകത്തിൻെറ സ്വകീയവ്യാഖ്യാനം അനുവദനീയമെന്നൊ പ്രമാദരഹിതമെന്നൊ ക. വിശ്വസിക്കുന്നില്ല.

# പ. ക. സ്വർഗ്ഗാരോഹണം.

(ശ്രീമാൻ ആർ. ആൻറണി തൊകലത്ത്)

(കേക.)

സ്വർണ്ണവർണ്ണോജ്ജ്വലശ്രീയേന്തിയാപ്പുലർകാല-
സന്ദർഭം വാനിടത്തേയ്ക്കുയർന്നു ഗമിക്കുമ്പോൾ
ജാജ്വല്യമാനമായ ഭാസ്കരബിംബത്തേയും
ജാഗ്രത പൂണ്ടുയർത്തിക്കൊണ്ടുപോകുന്നപോലെ

മേലോട്ടങ്ങൊരു കൂട്ടം സ്വർഗ്ഗീയ സേവകന്മാർ
ചേലേറുന്നൊരുരൂപം പേറിക്കൊണ്ടുയരുന്നു.
സ്വർഗ്ഗസാമ്രാജ്യത്തിന്റെ ഗോപുരദ്വാരത്തേയ്ക്കാം
മാർഗ്ഗത്തെലക്ഷ്യമാക്കിക്കൊണ്ടവർ പോകുന്നതും.
നമ്മുടെമാതാവായ കന്യകാമറിയത്തിൻ
നിർമ്മലഗാത്രമാണഗ് ദൂതന്മാർ വഹിപ്പതും.
"അത്യന്തംഭയങ്കരം മേദിനീതലമെല്ലാം
ചിത്തതാർനിത്യം വാട്ടുമുഗ്രമാംമരുഭൂമി"
ആകയാലെന്റെ പുണ്യപ്പൂക്കളെ സൂക്ഷിക്കുവാ-
നാകയില്ലെനിയ്ക്കേതും ഭൂമിയിലെന്നഭാവാൽ
ഏറെനാളാശിച്ചോരാ താതന്റെപാർശ്വത്തേക്കു
കേറിപ്പോകുന്നതാവാം നമ്മുടെ മാതാവിപ്പോൾ
രാപ്പകൽ വാനവന്മാർ സ്തോത്രങ്ങളോതിക്കൊണ്ടു
തൃപ്പാദസേവകരായരികെ വാണീടുമ്പോൾ
താതാജ്ഞയ്ക്കനുസരിച്ചുർവ്വിയിൽ താണുംകേണും
മാതാവെ! വസിച്ചനീ സർവ്വസംതൃപ്തയിപ്പോൾ!
എത്രയോ നാളായിട്ടു പുത്രനെപ്പിരിഞ്ഞുനീ
മാത്രമായ് വാണല്ലോരാ ദുഃഖത്തെക്കളഞ്ഞാലും
അല്ലലിന്നവകാശപ്പെട്ടുള്ളതൊക്കെത്തീൻ
സ്വർല്ലോകപ്രാപ്തയായ മാതാവെ! നിനക്കെന്നും
അത്ഭുതമല്ലലോകം മൂന്നിനും രാജ്ഞിസ്ഥാനം
പൂർത്തിയായ് ലഭിച്ചിപ്പോൾ ഭരണം തുടന്നാലും
എന്നാലിന്നെനിയ്ക്കുണ്ടൊരർത്ഥനമമാംബികെ!
ഖിന്നനാമെന്റെ കാര്യം വിസ്മരിക്കൊല്ലതായെ.

# ദൈവംതന്നെ നമ്മുടെ ബലി.

(ഫാദർ എപ്രേം, സി. ഡി.)

മനുഷ്യന്റെ പ്രഥമവും പ്രധാനവും ആയ കടമ അഥവാ ധർമ്മം തന്റെ സ്രഷ്ടാവായ ദൈവത്തെ ബഹുമാനിക്കയും മഹത്വപ്പെടുത്തുകയുംചെയ്യുന്നതാകുന്നു. മനുഷ്യസൃഷ്ടിയുടെ പരമോദ്ദേശ്യവും ഇതുതന്നെ. മനുഷ്യൻ ഭൂമിയിൽ സ്ഥിതിചെയ്യുന്ന കാലത്തോളം തന്റെ സ്രഷ്ടാവിന്റെ ആരാധനീയമായ ഇഷ്ടത്തെ അനുവർത്തിച്ചുകൊണ്ടു അങ്ങേ മഹത്വപ്പെടുത്തുമെങ്കിൽ ഭവിഷ്യലോകത്തിൽ ദൈവത്തിന്റെ മഹത്വത്തിന്നും പരമാനന്ദത്തിന്നും ഭാഗഭാക്കാകുവാൻ അങ്ങുന്നു് അനുവദിക്കുന്നു. അതുകയാൽ ഇതത്രെ ഇഹത്തിലെ അവന്റെ പരമധർമ്മം. അരൂപിമാത്രം കൈക്കൊണ്ടവരായ സുമനസ്സുകൾ അവരുടെ പരീക്ഷണത്തിന്റെ കാലത്തിൽ, ആരാധനയുടെയും സ്നേഹത്തിന്റെയും ദൈവതിരുമനസ്സിന്റെ അനുവർത്തനയുടെയും ആത്മീയമായും അഭ്യന്തരമായുമുള്ള ബലിയെ ദൈവത്തിന്നു സമർപ്പിച്ചു.

൨. ആദം ആത്മാവിനെ മാത്രമല്ല, ശരീരത്തെക്കൂടെ കൈക്കൊണ്ടു. അവൻ സൃഷ്ടികളുടെ രാജാവും ഒരു ശ്രേഷ്ഠപുരോഹിതനും ആയിരുന്നതിനാൽ ഭൂമിയുടെ ശ്രേഷ്ഠഫലങ്ങളെ തന്റെ സ്രഷ്ടാവിനു് കാഴ്ച അണപ്പാൻ നിർബന്ധിതനായിരുന്നു. മനുഷ്യജാതി എത്രപഴക്കമുള്ളതോ അത്രയുംപഴക്കമുള്ളതാകുന്നുബലിയും. ആദാമിന്റെയും ഹാവായുടെയും ആദ്യജാതന്മാർ ബലികളേയുംഹോമബലികളേയും സമൎപ്പിച്ചതായി നാം അറിയുന്നു. (സൃഷ്ടി. 4. 3.) നിശ്ചയമായി ഇതു അവരുടെ മാതാപിതാക്കളിൽനിന്നു പഠിച്ച പാഠമായിരുന്നു. അവർ ദൈവത്തെ ഇങ്ങനെ ബഹുമാനിക്കയും ആരാധിക്കയും ചെയ്യണമെന്നുള്ളതും മറ്റു പല സംഗതികളേപ്പോലെതന്നെ അവർ ദൈവത്തിൽനിന്നു തന്നെ പഠിച്ചിട്ടുള്ളതാകുന്നു എന്നു ന്യായമായി നമുക്കു് അനുമാനിക്കാം. പഴയ നിയമത്തിലെ മഹാപിതാക്കന്മാർ എല്ലാവരും ബലി സമൎപ്പണത്താൽ ദൈവത്തെ ആരാധിച്ചുവന്നു. നോഹ് പെട്ടകത്തിൽനിന്നു ഇറങ്ങിയ ഉടൻ ദൈവത്തിനു സ്തോത്രബലി അൎപ്പിച്ചു. (സൃഷ്ടി. ൮.) മൽക്കിസെദെക്ക അപ്പവും ദ്രാക്ഷാരസവുംസമൎപ്പിച്ചു. (സൃഷ്ടി. ൧൪.) അബ്രാഹം ദൈവകല്പനയാൽ തന്റെ ഏകപുത്രനെ തന്നെയും ബലി അണപ്പാൻ സന്നദ്ധനായി.

൩. ഭൂമിയിൽ മനുഷ്യജാതി എത്ര അധികം വ്യാപിച്ചോ അത്രയും അധികമായി ബലിയെ സംബന്ധിച്ച പരമ്പരോപദേശം കോട്ടി വിരൂപപ്പെടുത്തുവാൻ തുടങ്ങി. അനേക ജാതിക്കാർ നരബലി കൂടെയും നടത്തത്തക്കവണ്ണം അത്ര അയോഗ്യങ്ങളായ ബലികളേയും നടത്തുന്നുണ്ടു്. ഈ ബലികളിൽനിന്നു, അവർ പാപമോചനവും ദൈവപ്രസാദവും പ്രതീക്ഷിക്കുന്നു. ജാതികൾ എത്ര അധികമായി ദുഷ്ടദേവതകളുടെ അധീനതയിൽ ആയിപ്പോയൊ അത്രയും അവരുടെ ബലികൾ പൈശാചിക ശുശ്രൂഷകളായിതീൎന്നു. എങ്കിലും ബലിയുടെയും, ഹോമബലിയുടെയും, ദേവശാന്തികരണത്തിന്റെയും ബോധം അവൎക്കു മുഴുവനും നഷ്ടമായിപോയിട്ടില്ല. വിശുദ്ധ അഗസ്തീനോസ് പറയുന്നതായതു്: തങ്ങൾ ദേവന്മാരായി വിശ്വസിക്കുകയൊ അങ്ങനെ വിചാരിച്ചു സങ്കല്പിക്കയോ ചെയ്തിട്ടുള്ളവൎക്കു ബലിസമൎപ്പിക്കാതിരിക്കത്തക്കവണ്ണം അത്ര അജ്ഞാനത്തിൽ മുഴുകിയ ഒരു ജാതിയും ഇല്ല. (ചില നവീകരണക്കാരേപ്പോലെയുള്ളവർ അക്കാലത്തിൽ ലോകത്തിൽ കാണപ്പെട്ടിട്ടില്ലായിരുന്നു.) ആകയാൽ സൎവ്വജാതികളും ബലി തങ്ങളുടെ മതത്തിന്റെയും ദൈവാരാധനയുടെയും സാരവത്തായ ഭാഗമായി വിചാരിക്കുന്നു.

൪. എന്തുകൊണ്ടു ഇസ്രായേൽ ജനവും മറ്റു ജാതികളും ആദിമകാലം മുതൽ രക്തം ചിന്തിയിട്ടുള്ള ബലി ആചരിച്ചുവന്നു? പ്രകൃത്യാ രക്തം ഒഴുകുന്നതു അല്ലെങ്കിൽ രക്തപ്രക്ഷാളനം ചെയ്യുന്നതു കാണുന്നതു സ്വഭാവഗതിക്കു പ്രതികൂലമായുള്ളതാകുന്നു. തങ്ങൾ പാപികളാകുന്നു എന്നും തന്മൂലം കോപിച്ചിരിക്കുന്ന ദേവതയെ ബലിവസ്തുവിന്റെ ഹിംസയാലൊ സംഹാരത്താലോ മാത്രമേ ശാന്തിപ്പെടുത്താനും പ്രസാദിപ്പിപ്പാനും കഴിവുള്ളു എന്ന ബോധം ജാതികൾക്കു എങ്ങനെ ഉണ്ടായി? ഉപദ്രവിക്കപ്പെട്ട ദൈവത്വത്തെ രക്തമയബലിയാൽ ശാന്തമാക്കാം എന്നുള്ള അസ്പഷ്ടബോധം തങ്ങൾക്കു ഉണ്ടായിരുന്നാലും അതു എങ്ങനെ എന്നു വ്യാഖ്യാനിക്കാൻ ജാതികൾക്കു സാധിക്കുന്നതല്ല. തങ്ങളുടെ ബലികളോടു സംബന്ധിച്ചു അഗാധവും ഗംഭീരവും ആയ രഹസ്യങ്ങൾ ഉണ്ടെന്നു് എല്ലാ ജനങ്ങളും സമ്മതിക്കുന്നു. ഇവയെ പ്രകാശിപ്പിച്ചു പ്രതിപാദിക്കാൻ അവർ അശക്തരാകുന്നു എന്നാണു് പറയേണ്ടതു്.

൫. മനുഷ്യജാതിയെ ദൈവത്തോടു നിരപ്പാക്കി, ഗാഗുൽത്താമലയിൽ ദൈവപുത്രൻ നടത്തിയ ആ മഹാ ബലിയെ ഈ ബലികളെല്ലാം സദൃശീകരിച്ചു. അതത്രെ ഏകമായും സത്യമായുമുള്ള മഹാബലി. നരദൈവമായ ഈശോമിശിഹാ ഭൂലോകപാപങ്ങളെ എല്ലാം വഹിച്ചുകൊണ്ടു സൎവ്വജാതികൾക്കും വേണ്ടി മരിച്ചു. അവിടുന്നു് സ്ലീവാ എന്ന പീഠത്തിൽ നിർദ്ദയമായി ഹിംസിക്കപ്പെട്ടു. ഈ

ബലി കാലങ്ങളുടെ അവസാനത്തിൽ സംഭവിച്ചു. പഴയ നിയമത്തിലെ ബലികൾക്കു വിലയും യോഗ്യതയും കൊടുത്തു. ദൈവസഭയിൽ സമർപ്പിക്കപ്പെട്ടുവരുന്ന പുതിയ നിയമത്തിലെ ബലി ലോകമെല്ലായിടത്തും എന്നും, ലോകാവസാനത്തോളവും ശാശ്വതമായിരിക്കും. ഇതിന്നനുസരണമായി മാലാകി ദീർഘദർശി പറയുന്നതായതു്: സൂര്യോദയംമുതൽ അസ്തമനംവരെ പുറജാതികളിൽ എന്റെ നാമം വലുതാകുന്നു. അവർ എല്ലായിടത്തും ധൂപങ്ങളെ സമർപ്പിക്കയും, എന്റെ നാമത്തിന്നു ബലികളെ അണക്കയും ചെയ്യും. (മാലാ. ൧. ൧൧.) കുർബാന എന്ന അരക്തമയ ബലിയാൽ എല്ലാ ക്രൈസ്തവനും പിതാവായ ദൈവത്തിനു് പരിപൂർണ്ണമായ ആരാധനയും സർവ്വബഹുമാനവും സ്തുതിയും സമർപ്പിക്കാവുന്നതാകുന്നു.

൬. വിശുദ്ധ കുർബാനയെ സംബന്ധിച്ചു അതിശയോക്തിപരമായി ഒന്നും പറവാനും എഴുതുവാനും കഴിയുന്നതല്ല. ആകയാൽ മാന്യ വായനക്കാരെ! വി. കുർബാന നിങ്ങൾക്കു സർവ്വാനുഗ്രഹങ്ങളുടേയും വിശുദ്ധീകരണത്തിന്റെയും വറ്റാത്ത ഉറവയാകുവാനും, വിശുദ്ധ കുർബാനമൂലം നിങ്ങൾ പരിശുദ്ധ തമതിത്വത്തിനു പരമാരാധന നൽകുവാനും, വിശുദ്ധ കുർബാനവഴിയായി ഈശോമിശിഹായുടെ മാനുഷത്വത്തേയും അങ്ങേ പരിശുദ്ധ മാതാവിനേയും സന്തോഷിപ്പിപ്പാനും, സ്വർഗ്ഗലോകം മുഴുവനേയും ആമോദഭരിതമാക്കുവാനും, ശുദ്ധീകരണ സ്ഥലത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്ന ആത്മാവുകൾക്കു മോചനവും ആശ്വാസവും കൊടുപ്പാനും, ഭൂമിയിലുള്ള യുദ്ധസേവക സഭയ്ക്കു ആത്മശാരീരികങ്ങളായ സമാധാനവും ക്ഷേമവും ഉണ്ടാകുവാനുംവേണ്ടി പുറകെവരുന്ന ലേഖനപരമ്പരയിലേക്കു ഏവരുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

---

## വേദപാരംഗതനായ വിശുദ്ധ ബർണ്ണാർദ്ദ്.

(ആർ. സി. ഡി.)

(തിരുനാൾ ചിങ്ങം 20)

വിശ്വവിഖ്യാതനായ വിശുദ്ധ ബർണ്ണാർദിനെ തിരുസ്സഭ വേദപാരംഗതരുടെ ഗണത്തിൽ ചേർത്തു പ്രഖ്യാപനം ചെയ്തതിന്റെ ശതവർഷാഘോഷങ്ങൾ നാനാഭാഗത്തും നടക്കുന്ന ഈ അവസരത്തിൽ ഈ പുണ്യവാന്റെ ഒരു സംക്ഷേപ ജീവചരിത്രം പ്രസിദ്ധീകരിക്കുന്നതു് സന്ദർഭോചിതമാണെല്ലൊ.

ഫ്റാൻസിലുള്ള ബർഗണ്ടിയിലെ ഫൊന്റെയിൻസു കൊട്ടാരത്തിൽ ഭൂജാതനായ വി: ബർണ്ണാർദിനു് ഭൗമികമായ സകല സൗഭാഗ്യങ്ങളും ഉണ്ടായിരുന്നുവെങ്കിലും ഈ വിശുദ്ധൻ ചെറുപ്പത്തിലെ ലോകമുപേക്ഷിച്ചു സിറേറായിലെ സന്യാസഗണത്തിൽ ചേർന്നു. ഇദ്ദേഹത്തിന്റെ പുണ്യമാതൃക കണ്ടു അനേകം യുവാക്കന്മാർ നവസന്യാസികളായി സഭയിൽ ചേരുകയും തന്നിമിത്തം പല പുതിയ ആശ്രമങ്ങൾ സ്ഥാപിക്കേണ്ടിവരികയും ചെയ്തു. ഇങ്ങനെ സ്ഥാപിതമായ ക്ളെയർവോ ആശ്രമത്തിന്റെ ശ്രേഷ്ഠനായി വി. ബർണ്ണാർദ്ദ് നിയമിക്കപ്പെട്ടു. ലോകത്തിനു് അജ്ഞാതമായ ഒരു രഹസ്യജീവിതം കഴിക്കണമെന്നു ഇദ്ദേഹം അത്യധികം ആഗ്രഹിച്ചിരുന്നു. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. ക്ളെയർവോയിലെ ആബട്ടിന്റെ പുണ്യകീർത്തി അചിരേണ നാനാഭാഗങ്ങളിലും വ്യാപിച്ചു. മെത്രാന്മാരും, രാജാക്കളും, മാർപ്പാപ്പാമാർക്കുടെയും ഇദ്ദേഹത്തിന്റെ ഉപ

ദേശവും ആലോചനയും ആവശ്യപ്പെട്ടു തുടങ്ങി. തിരുസ്സഭയിലുള്ള മററു സന്യാസ സഭകളും വി. ബെൎണ്ണാർദിനെ ഉററ ബന്ധുവായും ഉപദേഷ്ടാവായും സ്വീകരിച്ചു. സഭയുംരാഷ്ട്രവും സംബന്ധിച്ചുള്ള ഗൌരവതരങ്ങളായ പല നടപടികളിൽ ഏൎപ്പെടുകയും അവയെല്ലാം പ്രശസ്തമാംവണ്ണം പൎയ്യവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ അതേ സമയത്തുതന്നെ വി. ബെൎണ്ണാർദ്ദ് നിൎദ്ധനരുടേയും കഷ്ടതയനുഭവിക്കുന്നവരുടേയും ഒരു പിതാവുംകൂടി ആയിരുന്നു. ഇപ്രകാരം ഏതു ജീവിതാവസ്ഥയിലുള്ളവൎക്കും ഈ വിശുദ്ധൻ ഒരു മാതൃകയും സഹായവുമായിപരിലസിച്ചിരുന്നു.

മതപരിപാലനക്കും വിദ്യാഭ്യാസ നവീകരണത്തിനുംവേണ്ടി വി. ബെൎണ്ണാർദു ചെയ്തിട്ടുള്ള വേലകൾ അവൎണ്ണനീയങ്ങളാണ്. സമകാലീനരായ മഹാന്മാരുടെ സാക്ഷിത്വമില്ലായിരുന്നെങ്കിൽ അവയെ വിശ്വസിക്കാൻതന്നെ പിൻഗാമികൾ ശങ്കിച്ചേനെ. യൌവനപ്രായത്തിൽതന്നെ ഇദ്ദേഹം ഫ്രാൻസുരാജാവായ ലൂയിസ് ദെ ഗ്രോസിൻെറ കോപത്തെ ഭയപ്പെടാതെ അവിടെ കഷ്ടതയനുഭവിച്ചിരുന്ന മെത്രാന്മാരെ ആദരിച്ചു. തെററിധാരണയിൽ ഇരുന്നുകൊണ്ടു പ്രസ്തുതമെത്രാന്മാൎക്കു പ്രതികൂലമായും രാജാവിനു അനുകൂലമായും വൎത്തിച്ചിരുന്ന രണ്ടാമത്തേ ഹൊനോറിയൂസ് പാപ്പായെ വി. ബെൎണ്ണാർദു ധൈൎയ്യസമേതം ശാസിച്ചു, സംഗതികളുടെ യാഥാൎത്ഥ്യം ഗ്രഹിപ്പിച്ചു. ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്ന പലരും വരുത്തിക്കൂട്ടിയിരുന്ന ഇടൎച്ചകൾ, തൻെറ ഭക്തിതീക്ഷ്ണത നിറഞ്ഞ ഉപദേശങ്ങൾ വഴിയായി അവരെ അനുതാപത്തിനു് ആനയിച്ചുകൊണ്ടു് നമ്മുടെ വിശുദ്ധൻ പരിഹരിച്ചിട്ടുണ്ടു്. അനക്ലേത്തോസ് ദ്വിതീയൻ, ഇന്നോസെൻറ് ദ്വിതീയൻ എന്ന രണ്ടു പാപ്പാമാർ ഒരേ സമയത്തു തിരുസഭയെ ഭരിക്കുവാൻ തുടങ്ങിയപ്പോൾ ഇവരിൽ മുറപ്രകാരം തെരഞ്ഞെടുക്കപ്പെട്ട പാപ്പാ ആരെന്നു തീരുമാനിക്കുന്നതിനു് പൊതുസമ്മതപ്രകാരം വി ബെൎണ്ണാർദ്ദ് നിയുക്തനായി. അദ്ദേഹമാകട്ടെ വേണ്ട അന്വേഷണങ്ങൾ നടത്തി ഇന്നൊസെൻറു ദ്വിതീയൻെറ തെരിഞ്ഞെടുപ്പു വാസ്തവമായി പരിഗണിക്കയും ക്രിസ്തീയ ലോകത്തെ ഇന്നൊസെൻറു പാപ്പായുടെ അധികാരസീമയിലേക്കു ആനയിപ്പിക്കയും ചെയ്തു. അനക്ലേത്തോസിൻെറ മരണശേഷം അന്തിപ്പാപ്പായായി തെരിഞ്ഞെടുക്കപ്പെട്ട വിക്ററർ അന്യായമായി താൻ അപഹരിച്ച 'തിയറാ' വി. ബെൎണ്ണാർദിൻെറ കാല്പാദത്തിങ്കൽവച്ചു കീഴടങ്ങി.

1145-ൽ ഫ്രാൻസിൻെറ തെക്കുഭാഗത്തു ആരംഭിച്ചു, ഭയങ്കരസാംക്രമികരോഗംപോലെ പടൎന്നുപിടിച്ച ഹെൻറീസിയൻ പതിതത്വത്തോടു ബെൎണ്ണാർദു ഏകനായി പോരാടുകയും, തൻെറ പ്രസംഗചാതുൎയ്യവും ശാസ്ത്രനിപുണതയും നിമിത്തം എല്ലാവരും കത്തോലിക്കസഭയുടെ മടിയിൽ വീണ്ടും വന്നുചേരുകയുംചെയ്തു.

ഹെൻറീസിയൻ പതിതത്വത്തോടുള്ള പോരാട്ടത്തിൽ നമ്മുടെ സിദ്ധനു ലഭിച്ച പ്രശസ്തമായ വിജയത്തെക്കുറിച്ചു് അബെ റത്തീസ്ബോൺ ഇപ്രകാരമാണു പ്രസ്താവിച്ചിരിക്കുന്നതു്:– "൧൨-ാംനൂററാണ്ടിലെ പതിതമതപ്രവാഹത്തെ വി. ബെൎണ്ണാർദു തടഞ്ഞു. ൧൯-ാംനൂററാണ്ടിൽ ഒരു വി. ബെൎണ്ണാർദുണ്ടായിരുന്നെങ്കിൽ എത്രയോ നന്നായിരുന്നു. അല്ല, ഇപ്പോൾ നമുക്കൊരു വി. ബെൎണ്ണാർദുണ്ടായിരുന്നെങ്കിൽ!" (Hist. de S. Ber. ii. 182).

൧൧൪൪-ൽ ക്രീസ്മസ്സ് ദിവസം ലെവാൻറിലെ ക്രിസ്ത്യാനികളുടെ കൊത്തളംപോലെ സ്ഥിതിചെയ്തിരുന്ന എദേസ്സാ മുഹമ്മദീയർ കൈവശപ്പെടുത്തി. ഈ വാൎത്ത യൂറോപ്പു മുഴുവൻ സംഭ്രമത്തെ ഉളവാക്കി. പാശ്ചാത്യരാജ്യങ്ങൾ ഏകോപിച്ചു, തഴച്ചുവരുന്ന തുൎക്കികളുടെ ശക്തി തകൎത്തിയില്ലെങ്കിൽ ക്രൂശുയോദ്ധാക്കൾ ചിന്തിയ രക്തം നിഷ്ഫലമാകുമെന്നും, പരിശുദ്ധ പട്ടണം ശത്രുക്കൾക്കധീനമാകുമെന്നും, കുരിശിൻെറ സ്ഥാനത്തു് 'അൎദ്ധചന്ദ്രക്കല' പരിലസിക്കുമെന്നും എവരും ഭയന്നു. ഈ വിഷമഘട്ടത്തിൽ യൂറോപ്യൻശക്തികളെ ഏകോപിപ്പിച്ചു് രണാങ്കണത്തിലേയ്ക്കു് ആനയിപ്പിക്കുന്നതിനു് അന്നു തിരുസഭയെ ഭരിച്ചിരുന്ന എവുജേനിയൂസ് തൃതീയൻ എന്ന പാപ്പാ വി. ബെൎണ്ണാർദിനെയാണു ഭരമേല്പിച്ചതു്. (തുടരും.)

# കുർബാന കാണുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ.

തിരുസഭാ നിയമപ്രകാരം കത്തോലിക്കരേവരും ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും കുർബാന കണ്ടുവരുന്നുണ്ട്. എന്നാൽ ഈ കടപ്പെട്ട കുർബാനയിൽ സംബന്ധിക്കുന്നതുകൂടാതെ, ആഴ്ചയിൽ പലപ്രാവശ്യവും, ദിവസംതോറും തന്നെയും ദിവ്യപൂജ കണ്ടു ദൈവത്തിനു സമർപ്പിക്കുന്ന കത്തോലിക്കരും ചുരുക്കമല്ല. പക്ഷെ, കുർബാനയുടെ സ്വഭാവം, അതിന്റെ മഹത്വം, അതു കാണുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്നിവയെപ്പററി ശരിയായ ജ്ഞാനം സിദ്ധിക്കുന്നതായാൽ നമ്മുളെ പള്ളികൾ പ്രതിദിനം വിശ്വാസികളെക്കൊണ്ടു നിറയുമായിരുന്നു. ഈലോകംതന്നെ സ്വർഗ്ഗമയമായി തീരുമായിരുന്നു. ഇത്രയുംമാത്രം പറഞ്ഞുകൊണ്ടു ഒരു കുർബാനയുടെ സമയത്തു നടക്കുന്ന സംഗതികളുടെയും ഒരു കുർബാന കാണുന്നതിനാൽ സിദ്ധിക്കാവുന്ന വിവിധ നന്മകളുടെയും ഒരു സംക്ഷേപം മാത്രം ചുവടേചേർക്കുന്നു.

1. നിന്റെ രക്ഷക്കുവേണ്ടി പിതാവായ ദൈവം തന്റെ വാത്സല്യപുത്രനെ സ്വർഗ്ഗത്തിൽ നിന്നു അയക്കുന്നു.

2. റൂഹാദക്കുദശാ തമ്പുരാൻ അപ്പവും വീഞ്ഞും മിശിഹായുടെ ശരീരരക്തളായി പകർത്തുന്നു.

3. ദൈവപുത്രൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി തന്റെ പ്രതാപമഹത്വങ്ങളെ മറച്ചുകൊണ്ടു തിരുവോസ്തിയിൽ സന്നിഹിതനാകുന്നു.

4. തിരുവോസ്തിയുടെ ഓരോ അംശത്തിലും പൂർണ്ണമായി സന്നിഹിതനായിരുന്നുകൊണ്ടു മിശിഹാ തന്നെത്തന്നെ എളിമപ്പെടുത്തുന്നു.

5. നിന്റെ ഗുണത്തിനായി രക്ഷാകരമായ മനുഷ്യാവതാര രഹസ്യങ്ങളെ നവീകരിക്കുന്നു.

6. ലോകത്തിൽ എവിടെയെല്ലാം എപ്പോഴെല്ലാം കുർബാന സമർപ്പിക്കപ്പെടുന്നുവൊ, അവിടെയെല്ലാം ഏതുസമയത്തും മിശിഹാ നിഗൂഢമായവിധം ഭൂമിയിൽ നവമായിജനിക്കുന്നു.

7. ഒരിക്കൽ ഗാഗുൽത്തായിൽ നിന്റെ രക്ഷക്കായി രക്തം ചിന്തിക്കൊണ്ടു സമർപ്പിച്ച ആ ബലിതന്നെ ഇതാ പീഠങ്ങളിൽ രക്തം ചിന്താത്തവിധത്തിൽ നിന്റെ ഗുണത്തിനായി ആവർത്തിക്കപ്പെടുന്നു.

8. അങ്ങേ തിരുരക്തത്താൽ നിന്റെ ആത്മാവിലെ മാലിന്യത്തെ കഴുകിശുദ്ധമാക്കുന്നു.

9. ദൈവത്തിനുമാത്രം ചേരുന്ന പരമാരാധനയുടെ ഒരു ദഹനബലി നിനക്കുവേണ്ടി സമർപ്പിക്കുന്നു.

10 കർത്താവു, ദൈവത്തിനു സമർപ്പിക്കുന്ന ഈ ബലിയെ കാഴ്ചവെച്ചുകൊണ്ടു മാലാഖാമാരെക്കാൾ കൂടുതലായി നിനക്കു ദൈവത്തെ സ്തുതിക്കാൻസാധിക്കുന്നു.

11. കർത്താവ് നിനക്കുവേണ്ടി മഹാവല്ലഭമുള്ള ബലിയായി തന്നെത്തന്നെ സമർപ്പിച്ചുകൊണ്ടു ഇവിടെ വച്ചുതന്നെ ദൈവത്തോടുനിന്നെ സമാധാനപ്പെടുത്തുന്നു.

12. നിന്റെ മനസ്താപത്തിനും പ്രതിജ്ഞക്കും അനുസരണമായി നിന്റെ ലഘുവായ പാപങ്ങൾക്കു മോചനം ലഭിക്കുന്നു.

13. നീ ചെയ്യേണ്ടിയിരുന്ന നന്മപ്രവൃത്തികളെ നീ ഉപേക്ഷിച്ചതിനാൽ നിന്നിൽ ഉളവായിട്ടുള്ള നിരവധി കുറവുകൾക്കു മിശിഹാ പരിഹാരം ചെയ്യുന്നു.

14. നിൻെറ സൽപ്രവൃത്തികളിൽ വന്നിട്ടുള്ള അനേകന്യൂനതകളെ അവിടുന്നു ദൂരീകരിക്കുന്നു.

15. നിൻെറ കുററം കൂടാതെ കുമ്പസാരത്തിൽ വെളിപ്പെടുത്താതെ പോയിട്ടുള്ള പാപങ്ങൾക്കു പൊറുതി കിട്ടുന്നു.

16. നിൻെറ ഒരുക്കത്തിന്നനുസരണമായി നിൻെറ തെററുകുററങ്ങളുടെ പരിഹാരകടം തീൎന്നുപോകുന്നു.

17 തപപ്രായശ്ചിത്തങ്ങൾവഴിയായി നിൻെറ പാപങ്ങൾക്കു വരുത്താവുന്നതിൽ കൂടുതൽ പരിഹാരം കുർബാന കാണുന്ന ഓരോ അവസരത്തിലും നിനക്കു വരുത്താൻ സാധിക്കും.

18. നിൻെറ പാപപരിഹാരാൎത്ഥം നിത്യപിതാവിനു സമൎപ്പിക്കുന്നതിലേക്കു കൎത്താവു് തൻെറ വിലതീരാത്ത യോഗ്യതകളുടെ ഒരംശം നിനക്കു തരുന്നു.

19. അവിടുന്നു തന്നെത്തന്നെ ബലി സമൎപ്പിച്ചുകൊണ്ടു തൻെറ ശത്രുക്കൾക്കു വേണ്ടി എത്ര തീക്ഷ്ണതയോടെ പ്രാൎത്ഥിച്ചുവൊ അപ്രകാരം നിനക്കുവേണ്ടിയും മാദ്ധ്യസ്ഥം അപേക്ഷിക്കും.

20. കൎത്താവിൻെറ തിരുമേനിയിലെ മുറിവുകൾ നിനക്കുവേണ്ടി അനുഗ്രഹം അപേക്ഷിക്കുന്ന കാഹളങ്ങൾ ആയിരിക്കുമെന്നു പറയാം.

21. കുർബാന സമയത്തു ചെയ്യുന്ന അപേക്ഷകൾ മററു സമയങ്ങളിലുള്ളവയെക്കാൾ കൂടുതൽ എളുപ്പത്തിൽ കേൾക്കപ്പെടുന്നതാണു്.

22. കുർബാനസമയത്തു പ്രാൎത്ഥിക്കുന്നതുപോലെ ഭക്തിയോടെ വേറൊരവസരത്തിലും പ്രാൎത്ഥിക്കാൻ സാധിക്കയില്ലെന്നു പറയാം.

23 കുർബാന സമയത്തെ നിൻെറ പ്രാൎത്ഥനകളെ കൎത്താവു തൻേറതിനോടു ചേൎത്തുകൊണ്ടു നിത്യപിതാവിനു കാഴ്ചകൊടുക്കുമെന്നതിനാൽ, അവ കൂടുതൽ ഫലസിദ്ധിയുള്ളവയായിരിക്കും.

24. നിൻെറ അവശ്യങ്ങളെ നന്നായി ഗ്രഹിച്ച നിൻെറ നിത്യരക്ഷക്കു ഉതകുന്നതിനെ അവിടുന്നു നിനക്കു പ്രദാനം ചെയ്യുന്നു.

25. ബലിപീഠത്തിന്നരികെ സന്നിഹിതരായിരിക്കുന്ന ദൈവദൂതന്മാരും നിൻെറ പ്രാൎത്ഥനകളെ നിത്യപിതാവിനു കാഴ്ചവെച്ചുകൊണ്ടു നിക്കുവേണ്ടി മാദ്ധ്യസ്ഥം പറയും.

26. ദുഷ്ടശത്രു നിന്നിൽ നിന്നകന്നുപോകുന്നതിനും, നിന്നെ ഉപദ്രവിക്കാതിരിക്കുന്നതിനും ഇടയാകും.

27. നീ കാണുന്ന കുർബാന, നിനക്കുവേണ്ടിയും, മററു സകല മനുഷ്യൎക്കു വേണ്ടിയും ദൈവത്തിനു സമൎപ്പിക്കാവുന്നതിൽ ഏററം വലിയ കാഴ്ചയാണു്.

28. ഈ പൂജ്യമായ ബലിയാൽ പരി. തമത്രീത്വത്തിനു ഏററം ഇഷ്ടമുള്ള ഒരു കാഴ്ച നീ അണെയ്ക്കുന്നു.

29. സ്വൎഗ്ഗത്തിലാകട്ടെ ഭൂമിയിലാകട്ടെ ഇതിനേക്കാൾ ശ്രേഷ്ഠമായ ഒരു കാഴ്ച ദൈവത്തിനു സമൎപ്പിക്കാൻ നിന്നാൽ സാദ്ധ്യമല്ല.

30. കൎത്താവു തന്നെത്തന്നെ മുഴുവനായി നിനക്കു തന്നിരിക്കുന്നതിനാൽ, ഈ ദിവ്യബലി നിൻെറ സ്വന്തമായി നിത്യപിതാവിനു നിനക്കു കാഴ്ചവെക്കാം.

31. നീ ഭക്തിയോടെ കുർബാന കാണുമ്പോൾ ഏററം മഹത്തായ ഒരു ആരാധനാകൃത്യമാണു് നീ നിൎവ്വഹിക്കുന്നതു്.

32. കൎത്താവിൻെറ പീഡാനുഭവത്തെ സ്മരിച്ചു് അതിൽ നിന്നും ധാരാളമായ ഫലം പ്രാപിക്കുന്നതിനു ഇതു ഉത്തമ മാൎഗ്ഗമാകുന്നു.

33. അനേക പ്രാർത്ഥനകളെക്കാൾ ഒരു കുർബാനയുടെ കാഴ്ച വഴിയായി മാലാഖാമാൎക്കും പുണ്യവാന്മാൎക്കും നാം കൂടുതൽ ബഹുമാനം വരുത്തുന്നു.

34. തിരുശ്ശരീരത്തിൻെറയൊ തിരുരക്തത്തിൻെറയൊ മുമ്പിൽ നീ സാഷ്ടാംഗം ചെയ്യുമ്പോൾ ഒരു പരമാരാധനാകൃത്യമാണു് നീ ചെയ്യുന്നതു്.

35. ഭക്തിപൂൎവ്വം തിരുവോസ്തിയെ നോക്കുന്ന ഓരോ പ്രാവശ്യത്തിനും സ്വൎഗ്ഗത്തിൽ തക്ക സമ്മാനം നിനക്കു ലഭിക്കാതിരിക്കയില്ല.

36. അനുതാപത്തോടെ പിഴയിടിക്കുന്ന ഓരോ തവണയും നിൻെറ പാ

പങ്ങളുടെ ഒരംശം വിമോചിക്കപ്പെടുന്നു.

37. കുർബാന കാണുമ്പോൾ നീ ചാവുദോഷത്തോടെയാണിരിക്കുന്നതെങ്കിൽ അതു നിന്റെ മാനസാന്തരത്തിനും, ദൈവപ്രസാദവരസ്ഥിതിയിലെങ്കിൽ അതു നിന്നിലുള്ള വരപ്രസാദത്തിന്റെ വദ്ധനവിനും ഉപകരിക്കും.

38. ക്രൂദാശയിൽ മറഞ്ഞിരിക്കുന്ന കത്താവിനെ നീ കാണുന്നതിനും, അവിടുന്നു നിന്നെ തൃക്കൺപാക്കുന്നതിനും ഇടയാകുന്നു.

39. പട്ടക്കാരൻനല്കുന്നതും കത്താവു സ്വഗ്ഗത്തിൽ സ്ഥിരപ്പെടുത്തുന്നതുമായ ആശീവ്വാദം നിനക്കു ലഭിക്കുന്നു.

40. നിന്റെ ശ്രദ്ധയ്ക്കും ഭക്തിയ്ക്കും അനുസരണമായി ആത്മികവും ശാരീരികവുമായ പലനന്മകൾ നീ പ്രാപിക്കുന്നു.

41. അനേക അപകടങ്ങളിൽ നിന്നു രക്ഷപ്രാപിക്കുന്നതിനും പൈശാചിക പരിക്ഷകളിൽ വിജയം നേടുന്നതിനുമുള്ള വരം നിനക്കു കിട്ടുന്നു.

42. ദിവ്യബലി, ഭാഗ്യമരണം പ്രാപിക്കുന്നതിനു തക്കതായ അനുഗ്രഹം നിനക്കു പ്രദാനം ചെയ്യുന്നു.

43. വി. കുബ്ബാനയുടെ നേക്കുള്ള ഭക്തിസ്നേഹം നിന്റെ അന്ത്യസമയത്തിൽ നിനക്കു ദൈവദൂതന്മാരുടെയും പുണ്യവാന്മാരുടെയും സഹായം സുസ്ഥിരമാക്കുന്നു.

44. നീ കണ്ടിട്ടുള്ള കുബ്ബാനകളുടെ ഓമ്മ തന്നെ മരണസമയത്ത് നിനക്കു ആശ്വാസവും, ദൈവകൃപയിൽ ദൃഢവിശ്വാസവും നല്കും

45. വിധിദിവസത്തിൽ നീതിമാനായ വിധികത്താവിന്റെ പ്രത്യേക കടാക്ഷം നിന്റെ മേൽ ഉണ്ടാകും

46. നീ പലപ്പോഴും ഭക്തിപൂവ്വം കുബ്ബാന കണ്ടിട്ടുണ്ടെങ്കിൽ ശുദ്ധീകരണസ്ഥലത്തെ വാസംനിനക്കു ഭയപ്പെടാനില്ല; അഥവാ ഉണ്ടായാൽ തന്നെയും അതു ചുരുങ്ങിയിരിക്കും.

47. ചിലപ്പോൾ തപക്രിയകൾക്കു കൂടെയും നീക്കാൻ സാധിക്കാത്ത ശുദ്ധികരണസ്ഥലത്തിലെ വേദനകൾ ഭക്തിപൂവ്വം കണ്ടു കാഴ്ചവെക്കുന്ന കുർബാനമൂലം നീങ്ങിപ്പോകുന്നു.

48. ഓരോ കുർബ്ബാനയും മോക്ഷത്തിൽ കൂടുതൽ ഉയന്ന പദവിയിൽ നിന്നെ ആക്കിവെക്കുന്നു.

49. നിന്റെ സ്നേഹിതന്മാക്കു വേണ്ടി ചെയ്യുന്ന യാതൊരു പ്രാത്ഥനയും, ശുദ്ധകരുത്തോടെ അവക്കു വേണ്ടികണ്ടു കാഴ്ചവെക്കുന്ന ഒരു കുർബ്ബാനയോളം ഫലപ്രദമല്ല.

50. ദീനക്കാരെയും, ദുഃഖിതരെയും, പാപികളെയും, ശുദ്ധീകരണാത്മാക്കളെയും മററും സഹായിക്കുന്നതിനു ഇതത്രെ ഏററം ഉത്തമമായ മാഗ്ഗം.

# വില്ലേജുമുൻസിപ്പും പ്രോട്ടസ്റ്റണ്ട് മിഷ്യനറിയും.

## രസകരമായ ഒരു സംഭാഷണം.

(ഫാദർ പീയൂസ്, സി. ഡി.)

ഒരു വില്ലേജ് മുൻസിപ്പും ഒരു പ്രോട്ടസ്റ്റൻറു മിഷ്യനറിയും തമ്മിൽ നടന്ന ഒരു സംഭാഷണമാണു കിഴെ ചേക്കുന്നത്. മുൻസിപ്പുതന്നെ എഴുതി പ്രസിദ്ധം ചെയ്തിട്ടുള്ളതാണ് ഇതു്. അയാളുടെ സ്ഥലമൊ, പേരൊ ഒന്നും വെളിപ്പെട്ടു വന്നിട്ടില്ല.

മിഷ്യനറി: സ്നേഹിതാ, നിങ്ങൾ വന്നതിന്റെ കാരണമെന്തായിരിക്കാം.

മുൻസിഫ്: ഇന്നു ശുദ്ധീകരാത്മാക്കളുടെ ദിവസമാണ്. അതുകൊണ്ടാണ് ദീൎഘയാത്രചെയ്തു ഇവിടെ എത്തിയതു്.

മി.— ശുദ്ധീകരണസ്ഥലമുണ്ടെന്നു യഥാൎത്ഥത്തിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

മു.— സർ, നിങ്ങളും അപ്രകാരം വിശ്വസിക്കുന്നില്ലേ.

മി.— ഇമ്മാതിരിയൊന്നും ഞങ്ങൾ വിശ്വസിക്കാറില്ല. വേദപുസ്തകത്തിൽനിന്നു നിങ്ങൾക്കു അതിനെ തെളിയിക്കുവാൻ കഴിവില്ല ഹെ!

മു.— ദയവായി, എനിക്കു സാധിക്കുകയില്ലെന്നു നിങ്ങൾ പറയരുതെ. പ്രോട്ടസ്റ്റൻറുകാരായ നിങ്ങൾ പാരമ്പൎയ്യത്തെ പാടെ നിഷേധിക്കുന്നവരാകയാൽ വേദപുസ്തകത്തിൽനിന്നുതന്നെ ഇതിനെ വിശദമാക്കിതരാമെന്നു വാക്കുതരുന്നു.

മി.— (വേഗം ഒരു വേദപുസ്തകം എടുത്തു നീട്ടികൊണ്ടു) ഇതാ, വേദപുസ്തകം. ദയവായി ഒന്നു കാണിച്ചുതന്നാലും.

മു.— (പുസ്തകം മേടിച്ചു അങ്ങുമിങ്ങും മറിച്ചു നോക്കിയശേഷം മേശപ്പുറത്തു വലിച്ചെറിയുന്നു) ഇതു വേദപുസ്തകമല്ല ഹെ.

മി.— എന്തു? ഇതു വേദപുസ്തകമല്ലെന്നു പറയുന്നതിനു നിങ്ങൾ മുതിരുന്നോ?

മു.— അതെ. ഈ പുസ്തകം വേദപുസ്തകമല്ലെന്നു സധൈൎയ്യം വീണ്ടും പറയുന്നു.

മി.— (പുസ്തകം പിറകുഭാഗം തിരിച്ചുപിടിച്ചുകൊണ്ടു) പുസ്തകത്തിൻെറ പുറത്തു തങ്കാക്ഷരങ്ങളിൽ വേദപുസ്തകമെന്നു ലേഖനം ചെയ്തിരിക്കുന്നതു നോക്കു.

മു.— കൊള്ളാം. ഞാൻ കാണുന്നുണ്ടു്. വേദപുസ്തകമെന്നു പുറത്തു എഴുതിയതുകൊണ്ടുമാത്രം ദൈവവചനം അതിൽ ലേഖനം ചെയ്തിട്ടുണ്ടെന്നു വരുന്നില്ല.

മി.— എന്തുകൊണ്ടു്?

മു.— ഒരിക്കൽ ഒരു അജ്ഞാനിയുടെ കടയിൽ ഒരു വേദപുസ്തകമിരിക്കുന്നതു കണ്ടു. ആശ്ചൎയ്യപൂൎവ്വം ഞാൻ അതു തുറന്നുനോക്കി. വല്ലാതെ വിസ്മയിച്ചുപോയി എന്നല്ലെ പറയേണ്ടു. അതിനകത്തു കച്ചവടക്കണക്കാണ് എഴുതിയിരുന്നതു്. കച്ചവടക്കാർ അകത്തുള്ളതെല്ലാം മാററി അതിനുപകരം വെറും കടലാസിട്ടു അതേപുറന്താളുംവച്ച് കുത്തികെട്ടിയുണ്ടാക്കിയ ഒരു ഗ്രന്ഥമായിരുന്നു അതു്. ഹെ! സാറെ! ഈ കണക്കുപുസ്തകത്തിൻെറ പുറത്തു വേദപുസ്തകമെന്നു എഴുതിയിരുന്നതുകൊണ്ടു അതിൽ ദൈവചനം സംഗ്രഹിച്ചിട്ടുണ്ടെന്നു വിശ്വസിക്കണമെന്നാണൊ നിങ്ങൾ ആവശ്യപ്പെടുന്നതു്.

മി.— (മേശപ്പുറത്തുനിന്നു വീണ്ടും പുസ്തകമെടുത്തുകൊണ്ടു) കണ്ടാലും! കടയിൽ കണ്ടതരം ഒരു കണക്കുപുസ്തകമല്ലിതു്.

മു.— അതു ഏതാണ്ടു ശരിയായിരിക്കാം. പക്ഷേ ശരിയെന്നുംവരാം. ഏതൊരു പുസ്തകത്തിൻെറയെങ്കിലും പുറത്തു വേദപുസ്തകമെന്നു എഴുതിയോ അടിച്ചോ പതിക്കുന്നതിനു എനിക്കും സാധിക്കും. അതു കണക്കു പുസ്തകമല്ലെങ്കിൽ വേറൊന്നായിരിക്കും, ഉദാഹരണമായി 'ഈസ്റ്റ് ഇൻഡ്യാ കമ്പനി'യുടെ ചരിത്രമായിരിക്കാം. അതുകൊണ്ടു ഏതാദൃശഗ്രന്ഥങ്ങൾ ദൈവവചനമെന്നാണൊ നിങ്ങൾ പറയുന്നതു്.

മി.— അതെല്ലാം അങ്ങിനെയിരിക്കട്ടെ. എന്നാൽ ഈ പുസ്തകം ദൈവവചനമാണെന്നു ഞാൻ തെളിയിച്ചുതരാം.

മു.— കൊള്ളാം! കേൾക്കട്ടെ.

മി.— സദയം ഇതു കേൾക്കണം. (വെളിപാടുപുസ്തകം 22-ാം അദ്ധ്യായം, 18-ം 19-ം വാക്യങ്ങൾ വായിക്കുന്നു) "ഈ പുസ്തകത്തിലെ പ്രവചനത്തെ കേൾക്കുന്ന ഓരോരുത്തരോടും ഞാൻ സാക്ഷിക്കുന്നു. ഇവയോടുകൂടെ വല്ലതും യാവനൊരുവൻ കൂട്ടിചേൎക്കുന്നതായാൽ ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വസന്തകളെ ദൈവം അവനു അയയ്ക്കും. പ്രവചനമടങ്ങിയിരിക്കുന്ന ഈ പുസ്തകത്തിൽനിന്നു വല്ലവരും വല്ല വാക്കുകളും എടുത്തു കളയുന്നതായാൽ ആയുസ്സിൻെറ പുസ്തകത്തിൽനിന്നു അവനെ മായിച്ചുകളകയും വിശുദ്ധ പട്ടണത്തിൽനിന്നും, ഇതിൽ എഴുതപ്പെട്ടിട്ടുള്ള കാൎയ്യങ്ങളിൽനിന്നും ദൂരത്താക്കുകയും ചെയ്യും." ഏതാദൃശമുന്നറിവുകൾ ഈ പുസ്തകം ദൈ

വചനമടക്കികൊള്ളുന്നുവെന്നു കൃത്യമായി തെളിയിക്കുന്നതിനെ നിങ്ങൾ ഗ്രഹിക്കുന്നില്ലെ. ഇതിനു നിങ്ങൾ എന്തു പറയുന്നു.

മു.— ഈ തെളിവുകൊണ്ടു നിങ്ങൾ സംതൃപ്തനായതുപോലെ തോന്നുന്നുവല്ലൊ. എന്നാൽ ദയവായി ഞാൻപറയുന്നതിനെ നിങ്ങൾ കേട്ടാലും. ഹിന്തുമതത്തിൻെറഅസത്യാവസ്ഥയെക്കുറിച്ചുഹൈന്ദവസഹോദരങ്ങളോടു സംസാരിക്കുന്നതിനുവേണ്ടി രാമായണവും മഹാഭാരതവും ഞാൻ വായിച്ചു. രാമായണത്തിൻെറ അവസാനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ പദ്യങ്ങളിൽ ഒന്നുപോലും വായിക്കുന്നവന്ന് പുത്രനില്ലെങ്കിൽ പുത്രനുണ്ടാകും, ധനമില്ലെങ്കിൽ ധനമുണ്ടാകും, മാത്രമല്ല പാപത്തിൽനിന്നുകൂടെയും വിമുക്തനായിത്തീരും. ഒരാററ പദ്യപാരായണംമൂലം അനുദിനം ചെയ്യുന്ന എല്ലാപാപങ്ങളിൽനിന്നും ജനങ്ങൾ സ്വതന്ത്രരാകും."

ഇനി മഹാഭാരതത്തിൽ ലേഖനം ചെയ്തിരിക്കുന്ന ഒരുഭാഗംകേൾക്കുക."ഭാരതം അത്യന്തം ശ്രദ്ധിക്കുന്നതായാൽ മയ്യം ദലംഘനമൊ മദ്യപാനമൊ മോഷണമൊ ചണ്ഡാളജനനമൊ ഏതായാലും ശരി പാപത്തിൽനിന്നു മുക്തിപ്രാപിക്കും. പകലിനെ സൃഷ്ടിച്ച ആൾ രാത്രിയെ ശൂന്യമാക്കിതീക്കുന്നതുപോലെ, പാപങ്ങളെ എല്ലാം ഇല്ലാതാക്കി വിഷ്ണുവിൻെറ ഭവനത്തിൽ വിഷ്ണുവിനെപ്പോലെ ആനന്ദിക്കും."

ഹെ, സാറെ, വെളിപാടിൻെറ വാക്യങ്ങൾക്കൊപ്പം നല്ലനല്ല മുന്നറിവുകൾ അതുകളിൽ അടങ്ങിയിട്ടുള്ളതു കൊണ്ടു് രാമായണവും ഭാരതവും ദൈവവചനസംഗ്രഹമെന്നു നിങ്ങൾ വിശ്വസിക്കുന്നുവോ?

കൂടാതെയും, വേദപുസ്തകം വി: യോഹന്നാൻ രചിച്ചിട്ടുള്ള ഏകഗ്രന്ഥംമാത്രമല്ലെന്നു അറിഞ്ഞിരുന്നാൽകൊള്ളാം. വ്യത്യസ്ഥരായ പലഗ്രന്ഥകാരന്മാർ വിവിധസമയങ്ങളിൽ അനുസ്യൂതമല്ലാതെ രചിച്ചിട്ടുള്ള ലേഖനപരമ്പരകളുടെ ഒരു ശേഖരമാണു് വേദപുസ്തകം. നിങ്ങൾ വായിച്ചുകേൾപ്പിച്ച വാക്യങ്ങൾ യോഹന്നാൻെറ വെളിപാട്ടുപുസ്തകത്തിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു ആ പുസ്തകം ദൈവവചനമെന്നു സംവദിക്കാം. എന്നാൽ പ്രസ്തുതവാക്യങ്ങൾ മറെറാരിടത്തും, ഉദാഹരണമായി സുവിശേഷങ്ങൾ ലേഖനങ്ങൾആദിയായവയിൽഉണ്ടെന്നുകാണിക്കുവാൻ സാധിക്കുകയില്ലല്ലൊ. അപ്പോൾ വേദപുസ്തകത്തിലെ എല്ലാഭാഗങ്ങളും ദൈവവചനമാണെന്നു തെളിയിക്കുവാൻ, ഈ ന്യായമാണു് നിങ്ങൾ സ്വീകരിക്കുന്നതെങ്കിൽ ഫലം നാസ്തി.

മി.— അതെ, എനിക്കറിയാം. നിങ്ങൾ കത്തോലിക്കർ വേദപുസ്തകം ദൈവവചനമാണെന്നു വിശ്വസിക്കുകയില്ല.

മു.— സർ! അതു് അകപ്പാടെ വേറൊരു സംഗതി. നിങ്ങളുടെ കയ്യിൽ ഇരിക്കുന്നപുസ്തകം വേദപുസ്തകമല്ലെന്നുമാത്രമെ ഞാൻ പറയുന്നൊള്ളു. ഈ പുസ്തകം വേദപുസ്തകമാണെന്നു നിങ്ങൾ തെളിയിക്കേണ്ടിയിരിക്കുന്നു.

മി.— കൊള്ളാം, സ്നേഹിതാ ഒരു ന്യായം കൂടെയും ഞാൻപറയാം. വേദപുസ്തകം വായിക്കുന്നതു വളരെ രസകരമാണ്. ഇതുകൊണ്ടുതന്നെ അതു ദൈവവചനമാണെന്നു തെളിയുന്നില്ലെ.

മു.— കൊള്ളാം! കൊള്ളാം! അറേബിയൻ നൈററസ് (Arabian Knights) വായിക്കുന്നതു ഇതിലും രസകരമാണു!

മി.— അയ്യൊ!! എന്തിതു അറേബിയൻ നൈററസ് എന്നു പറയുന്നതു ഒരു അസന്മാർഗ്ഗിക ഗ്രന്ഥമല്ലയൊ. വേദപുസ്തകമാകട്ടെ എത്ര നല്ല സന്മാർഗ്ഗഗ്രന്ഥമാണ്. എത്ര നല്ല സന്മാർഗ്ഗപാഠങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു.

മു.— അപ്പോൾ വേദപുസ്തകത്തിൽ നല്ല സന്മാർഗ്ഗതത്വങ്ങൾ ഉള്ളതുകൊണ്ടു വേദപുസ്തകം ദൈവവചനമാണെന്നാണൊ നിങ്ങൾ സമർത്ഥിക്കുന്നതു.

മി.— അങ്ങിനെതന്നെ

മു.— അങ്ങിനെയെങ്കിൽ വേദനായഗം പിള്ളയുടെ അററുച്ചുവടി, കൊറൈവേന്തൻ, ചർവചമയചമരച്ചകിത്തനൈ ആദിയായ പുസ്തകങ്ങളും, മററു പലസന്മാർഗ്ഗപുസ്തകങ്ങളും വേദപുസ്തകങ്ങളായിരിക്കുന്നില്ലെ?

മി.— നിങ്ങളുടെ ഈ പ്രത്യാഖ്യാന

ങ്ങൾ കത്തോലിക്കർ വേദപുസ്തകത്തെ വിശ്വസിക്കുന്നില്ലെന്നു ഞാൻ സ്ഥാപിച്ചതിനെ കൂട്ടതലായി വ്യക്തമാക്കുകയല്ലയൊ ചെയ്യുന്നതു്?

മു.— നിങ്ങളുടെ അനുമാനം യുക്തിയുക്തമല്ല. ഞാൻ വേദപുസ്തകം വിശ്വസിയ്ക്കുന്നതും, നിങ്ങളുടെ കൈവശമിരിയ്ക്കുന്നപുസ്തകം വേദപുസ്തകമാണെന്നു തെളിയ്ക്കണമെന്നാവശ്യപ്പെടുന്നതും വ്യത്യസ്തങ്ങളായ രണ്ടുസംഗതികളാണു. നിങ്ങളുടെ അനുമാനത്തെതാത്വികമായനിലയിൽ പരിശോധിയ്ക്കുന്നതായാൽ അതിൻെറ പൂൎവ്വഭാഗം (Major) ആകാശമണ്ഡലത്തിലേയ്ക്കും, ഉത്തരഭാഗം (Minor) പാതാളത്തിലേയ്ക്കും, അനുമാനം പാൎപ്പിടം കിട്ടാതെ ലോകത്തിൽ ചുററിനടക്കേണ്ടതായും വന്നുഭവിയ്ക്കും. വേദപുസ്തകം ദൈവവചനമെന്നു തെളിയിയ്ക്കണമെങ്കിൽ വേറൊരു പുസ്തകത്തെപ്പററിയും പറയുവാൻ പാടില്ലാത്തവിധം വേദപുസ്തകത്തിനുമാത്രംപററിയ ഒന്നായിരിക്കണം കൊണ്ടുവരുന്നന്യായം.

മി— കൊള്ളാം! നല്ലകാൎയ്യം! ഇതാ കടശിയിലത്തെ ന്യായംകൂടി കേട്ടുകൊള്ളു. ഇതു സ്വീകരിയ്ക്കാത്തപക്ഷം ഇനി വേറെ തെളിവില്ല.

മു.— പ്രോട്ടസ്റ്റൻറുകാരായ നിങ്ങൾ വേദപുസ്തകം ദൈവവചനമാകുന്നുവെന്നു തെളിയിക്കുന്ന എല്ലാ ന്യായങ്ങളും കേൾക്കുന്നതിനു എനിക്കു അതിയായ മോഹമുണ്ടു്.

മി— ഏതാനും ശതവൎഷങ്ങൾക്കുമുമ്പു് മെത്രാന്മാരുടെ ഒരു സമ്മേളനമുണ്ടായി. ഏതേതു പുസ്തകങ്ങൾ ദൈവവചനമെന്നും, ഏതേതു ദൈവവചനമല്ലെന്നും അതിൽവച്ചു് തീൎച്ചയാക്കിയിട്ടുണ്ടു്.

മു— ഓ! ഹോ! അങ്ങിനെ സംഭവിച്ചോ? അങ്ങിനെ ഒരു സമ്മേളനമുണ്ടായെങ്കിൽ ഒരു അഗ്രാസനാധിപതിയുണ്ടായിരിക്കേണ്ടതു് സംഘസാധാരണമാണല്ലൊ. അങ്ങിനെ ഒരാൾ അന്നു അവിടെയുണ്ടായിരുന്നുവോ?

മി— ഉവ്വ് നിങ്ങളുടെ പോപ്പുണ്ടായിരുന്നു.

മു— ശരി, ശരി, എനിയ്ക്കു മനസ്സിലായി. സൂനഹദോസിൽവച്ചു് ഈ പുസ്തകങ്ങളിൽ ദൈവവചനമടങ്ങിയിട്ടുണ്ടു്, മറെറാന്നിലും ദൈവവചനമില്ലായെന്നു പോപ്പു് പ്രഖ്യാപനംചെയ്തുകൊണ്ടല്ലെ ഈ പുസ്തകങ്ങൾ ദൈവവചനമെന്നു നിങ്ങൾ വിശ്വസിക്കുന്നതു്.

മി— അതെ, അങ്ങിനെതന്നെയെന്നാണു് പറയേണ്ടതു. ഇതു പറയാതിരിക്കുന്നതിനു ഞാൻ കഴിയുന്നത്ര പരിശ്രമിച്ചു. എന്നാൽ എൻെറ ന്യായങ്ങളെല്ലാം ഒന്നൊഴിയാതെ നിങ്ങൾ ഖണ്ഡിച്ചുകഴിഞ്ഞതിനാൽ വേറെ മാൎഗ്ഗമില്ലെന്നായി.

മു— ഇപ്പോൾ നിങ്ങൾ കാൎയ്യം പറഞ്ഞു. പോപ്പു് അഗ്രാസനം വഹിയ്ക്കുന്ന സഭയിലെ ഒരു അംഗമാണോ നിങ്ങൾ എന്നു സദയം പറഞ്ഞാലും.

മി— ഭോഷത്വം പറയാതെ. അന്നു സഭ വിശുദ്ധമായിരുന്നു. പിന്നീടാകട്ടെ അതു വഷളായിതിരുകയാണുണ്ടായതു്.

മു— അങ്ങിനെ പറയുന്നതു് വളരെ സങ്കടമാണു് സാറെ, എന്നു്, എത്രനാളത്തേയ്ക്കു സഭവഷളത്വത്തിൽ നിമഗ്നമായിരുന്നുവെന്നു നിങ്ങൾ ദയവായി പറയുമോ.

മി— ഞങ്ങളുടെ സഭാപിതാവായ ലൂതർ നവീകരണ പ്രസ്ഥാനം തുടങ്ങുന്നതിനു ഏതാണ്ടു രണ്ടു ശതവൎഷങ്ങൾക്കു മുൻപ്.

മു— ഇതു് യഥാൎത്ഥമെങ്കിൽ നാമിരുവരും ക്രിസ്ത്യാനികളല്ലല്ലൊ.

മി— എന്തുകൊണ്ടു്?

മു— എന്തുകൊണ്ടെന്നാൽ നമ്മൾ രണ്ടുപേരും മ്ശിഹായെ നുണയുടെ പിതാവായി പരിഗണിക്കുന്നു.

മി— എന്തു? അതു് ഒരു ദൈവദൂഷണമല്ലയോ?

മു— ക്ഷമിയ്ക്കണെ, സാറെ; നിങ്ങളാണു് ആദ്യം ദൈവദൂഷണം പറഞ്ഞതു്. എന്തുകൊണ്ടെന്നാൽ സഭ വഷളായി ഭവിച്ചെങ്കിൽ മ്ശിഹാ വലിയ നുണയനാകുന്നു.

മി— സ്നേഹിതാ, നിങ്ങളുടെ പോക്കു കുറെ അഗാധമായിട്ടാണു്. എങ്ങിനെ നിങ്ങൾക്കു് അതു സ്ഥാപിയ്ക്കുവാൻ കഴിയും.

മു– ജീവനുള്ളവനും, നിത്യസത്യവും ലോകപരിത്രാതാവുമായിരിക്കുന്ന മ്ശിഹാ ഒരു പ്രത്യേകാവസരത്തിൽ ഒരു വാഗ്ദാനംചെയ്തിട്ടുണ്ട്. "നരകവാതില്പുകൾ സഭയ്ക്കു വിരോധമായി മുതിരുകയില്ല" (മത്തായി ൧൬. ൧൮.) പരിശുദ്ധാത്മാവിയോടൊന്നിച്ച് താൻ ലോകാവസാനത്തോളം തിരുസഭയോടുകൂടെ ഉണ്ടായിരിക്കുന്നതാണെന്നും അവിടുന്നു പറഞ്ഞൊത്തിട്ടുണ്ട്. സഭ ഒരു മിനിട്ടുനേരത്തേയ്ക്കെങ്കിലും വഷളായി പോയെങ്കിൽ വാഗ്ദാനങ്ങളെല്ലാം കേവലം വ്യാജപ്രസ്താവനകളായി പരിണമിയ്ക്കും. അതുകയാൽ ഒന്നുകിൽ ഒരിക്കലും സഭ വഷളായിട്ടില്ല, അല്ലെങ്കിൽ മ്ശിഹാ കള്ളനാണ് എന്നു നിങ്ങൾ സമ്മതിക്കാതെ തരമില്ല. ഏതിനെ നിങ്ങൾ തിരഞ്ഞെടുക്കുന്നു. ആദ്യത്തേതു നിങ്ങൾ സ്വീകരിക്കുന്നുവെന്നുവരികിൽ ലൂതർ സഭയെ പരിഷ്കരിച്ചു എന്നു പറയുന്നതിൽ ഒട്ടും അർത്ഥമില്ല; രണ്ടാമത്തേതു് സമ്മതിക്കുന്നുവെങ്കിൽ കള്ളനായ മ്ശിഹായുടെ അനുയായിമിഷ്യനറിയെന്നു വിളിയ്ക്കപ്പെടേണ്ടിവരും. അതു ലജ്ജാവഹംതന്നെ.

മി– സ്നേഹിതാ, പന്ത്രണ്ടു അടിയ്ക്കുന്നതിനു പത്തുമിന്നിട്ടേയുള്ളൂ. ദൈവചിത്തമെങ്കിൽ ഇനി കണ്ടുമുട്ടുമ്പോൾ മതത്തെപ്പററി നമുക്കു ദീർഘമായി സംഭാഷിക്കാം. നിങ്ങൾ ഇവിടെ വന്നതിനേക്കുറിച്ചും പ്രത്യേകിച്ചു നിങ്ങളുടെ മതത്തെപ്പററി കൂടുതലായി എന്നെ ഗ്രഹിപ്പിച്ചതിനെക്കുറിച്ചും നിങ്ങൾക്കു ഞാൻ ഹാർദ്ദമായി നന്ദിപറഞ്ഞുകൊള്ളുന്നു. നിങ്ങളെ ആദ്യമായി കണ്ടപ്പോൾ വേദകാര്യങ്ങളിൽ ഇത്രകണ്ടു പാടവം നിങ്ങൾക്കുണ്ടെന്നു ഞാൻ ഒരുനാളും ധരിച്ചിരുന്നില്ല. സലാം.

മു– വന്ദനം, സാർ, നിങ്ങൾക്കും സലാം. പരിശുദ്ധാത്മാവി വെട്ടം കാണുന്നതിനായി നിങ്ങളുടെ കണ്ണുകളെ തുറക്കുകയും, സത്യത്തെ അനുഗമിക്കുന്നതിനുള്ള ധൈര്യത്തെ നിങ്ങൾക്കു നൽകുകയും ചെയ്യുമാറാകട്ടെ.

ഇതിൽനിന്നു അകത്തോലിക്കരുടെ വാദരീതി എങ്ങിനെയെന്നും അവരുടെ യുക്തിവാദങ്ങളുടെ അടിസ്ഥാനമില്ലായ്കയെ വിശദമാക്കുന്നതിനു എങ്ങിനെ പുറപ്പെടണമെന്നും വായനക്കാർ ചിന്തിച്ചുനോക്കട്ടെ.

---

## ൧൱൬ാം ചിങ്ങമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### കത്തോലിക്കാ രാജ്യങ്ങളിൽ അകത്തോലിക്കാ പ്രസ്ഥാനങ്ങൾ.

ഇററലി, സ്പെയിൻ, ഫ്റാൻസ് മുതലായ രാജ്യങ്ങളിൽ ഭൂരിപക്ഷം ആളുകളും കത്തോലിക്കരാകയാൽ ഈദൃശരാജ്യങ്ങളെ കത്തോലിക്ക രാജ്യങ്ങളെന്നാണ് സാമാന്യം വിളിച്ചു വരുന്നതു്. കത്തോലിക്കരുടെയിടയിൽ, വിശിഷ്യ കത്തോലിക്കാ രാജ്യങ്ങളിലെ കത്തോലിക്കരുടെ ഇടയിൽ, സാമുദായികപരിശ്രമങ്ങൾ ചെയ്യുന്ന കാര്യത്തിൽ അകത്തോലിക്കർ പ്രത്യേകം ശ്രദ്ധപതിച്ചുവരുന്നുണ്ട്. ഇംഗ്ലണ്ട്, ജർമ്മനി മുതലായ അകത്തോലിക്ക രാജ്യങ്ങളിലും, ഏതാനും സംവത്സരങ്ങളായിട്ടു അമേരിക്കയിലും പല സാമുദായിക പ്രസ്ഥാനങ്ങൾ ആരംഭിച്ചു നടത്തിവരുന്നതായി നമുക്കറിയാം. വേദപുസ്തകം നാട്ടുഭാഷകളിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനായി ആണ്ടുതോറുംചെലവുചെയ്യുന്ന പണംഅസംഖ്യമാണ്. രോഗികളെ ചികിത്സിക്കുന്നതിനും ദരിദ്രരെ സംരക്ഷിക്കുന്നതി

നും സാധുക്കളെ വിദ്യ അഭ്യസിപ്പിക്കുന്നതിനുമായും അവർ നിരവധി പണം ചെലവാക്കുന്നുണ്ട്. എന്നാൽ ഈവിധ പ്രയത്നങ്ങൾ കത്തോലിക്കരുടെ ഇടയിൽ നടത്തി അവരെ തങ്ങളുടെ സത്യവിശ്വാസത്തിൽനിന്നു തെറ്റിച്ച് അകത്തോലിക്കമതാനുയായികളാക്കാൻ സാധിച്ചാൽ അതു ഒരു വലിയ വിജയമായിട്ടാണ് ഇക്കൂട്ടർ ഗണിച്ചുവരുന്നത്. തന്നിമിത്തം കത്തോലിക്ക രാജ്യങ്ങളിൽ അകത്തോലിക്കാ പ്രസ്ഥാനങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. വിശ്വാസകാര്യങ്ങളിൽ അറിവു കുറഞ്ഞവരും തൻമൂലം മതബോധം കുറവുള്ളവരുമായ ചില കത്തോലിക്കർ ഈവിധ പരിശ്രമങ്ങൾക്കു അധീനപ്പെട്ടുപോകുന്നുമുണ്ട്. ഇപ്രകാരമുള്ള നഷ്ടം സംഭവിക്കാതിരിക്കുന്നതിന് നമ്മുടെ കർത്താവിന്റെ തിരുഹൃദയത്തോട് പ്രാർത്ഥിക്കാനുള്ള ചുമതല നമുക്കുണ്ട്. ആകയാൽ ചിങ്ങമാസം മുഴുവൻ ന. ക. തിരുഹൃദയത്തോടു കത്തോലിക്കരുടെ ഇടയിൽ അകത്തോലിക്കാപരിശ്രമങ്ങൾ ഫലപ്രാപ്തങ്ങളാകാതിരിക്കാൻ തിരുഹൃദയസഭക്കാർ പ്രത്യേകം പ്രാർത്ഥിക്കണമെന്നു നമ്മുടെ പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു.

കന്നിമാസം— തിയോസൊഫിയോടുള്ളപോരാട്ടം.

# ക. നാഥയുടെ കുഞ്ഞുമക്കൾക്കു്.

## ഉപവി.

പ്രിയകുഞ്ഞുങ്ങളെ,

നമ്മുടെ കർത്താവ് ഒടുവിലത്തെ അത്താഴത്തിന്റെയവസരത്തിൽ "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ എന്നിതു എന്റെ പ്രമാണമാകുന്നു" (Jn. xv. 12.) എന്ന് തന്റെ ശിഷ്യരോടു കല്പിച്ചരുളി. അവിടുന്ന് മറ്റൊന്നിനേയും എന്റെ പ്രമാണമെന്നു വിളിക്കാതെ ഇതിനെത്തന്നെ എന്റെ പ്രമാണമെന്നുപറഞ്ഞുകൊണ്ട് തന്റെ അന്ത്യശാസനമായി സ്വന്തം ശിഷ്യർക്ക് കൊടുത്തതിന്റെ കാരണമെന്തു? എന്തെന്നാൽ:—മിശിഹാ ഉപവി തന്നെയാകുന്നു. ഈ ഉപവി എവരിലും ഉണ്ടാക്കുന്നതിനാണ് അവിടുന്ന് ലോകത്തിലേക്കു വന്നതും. ഇതിനെ സ്വന്ത വചനംകൊണ്ടുമാത്രമല്ല, പ്രവൃത്തിയാലും അവിടുന്ന് ജീവിതകാലം മുഴുവനും പഠിപ്പിക്കയും ചെയ്തു.

2. ഉപവി എന്നതിൽ എല്ലാ പ്രമാണങ്ങളും അടങ്ങിയിരിക്കുന്നു. വേദപ്രമാണങ്ങൾ പത്തും ദൈവസ്നേഹം, പരസ്നേഹം എന്നീ രണ്ടു പ്രമാണങ്ങളിൽ അടങ്ങും. ഈ രണ്ടു പ്രമാണങ്ങളാകട്ടെ ഉപവി അഥവാ സ്നേഹം എന്ന ഒറ്റപ്രമാണത്തിലും അടങ്ങുന്നതാണ്.

3. മിശിഹായുടെ മതം സ്നേഹത്തിന്റെ മതമാണ്. സ്നേഹം വഴിയായി എവരും ഒരു ശരീരത്തിന്റെ വിവിധ അവയവങ്ങളെന്നപോലെ മിശിഹായോടു യോജിച്ചിരിക്കണം. അവിടത്തെ ശിഷ്യരുടെ പ്രത്യേക അടയാളമായി വെച്ചിരിക്കുന്നതു ഈ ഉപവിയാകുന്നു. "നിങ്ങൾക്കു തമ്മിൽതമ്മിൽസ്നേഹമുണ്ടായിരുന്നാൽ, നിങ്ങൾ എന്റെ ശിഷ്യരാകുന്നുവെന്നു ഇതിനാൽ എല്ലാവരും അറിയും." Jn. xiii. 35.

4. പുണ്യങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതു ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയാണ്. എന്നാൽ ഈ മൂന്നിൽ വിശ്വാസവും ശരണവും ഈ ജീവിതംകൊണ്ട് അവസാനിക്കുന്നതാണ്. മറുലോകത്തിൽ ഇവയുടെ ആവശ്യമില്ല. ഉപവിയാകട്ടെ എന്നേക്കും നിലനിൽക്കുന്നതും നിലനിൽക്കേണ്ടതുമാണ്.

ഇത്ര സാരവത്തായി ന. ക. കരുതിയിരിക്കുന്ന ഈ ഉപവി ലോകത്തിൽ ക്ഷയിച്ചാണ് വരുന്നതെന്നു പറയാം. കുഞ്ഞുമക്കളുടെയിടയിൽ തന്നെ വേണ്ടിടത്തോളം ഉപവി കാണുന്നില്ലെന്നു് ചില സ്ഥലങ്ങളിൽനിന്നു കേൾക്കുന്നുണ്ട്. ആകയാൽ ഈ സാരമായ പുണ്യത്തിൽ അഭ്യസിക്കുന്നതിന്നു ഏവരും ശ്രമിക്കണം. ഈ കാൎയ്യത്തിൽ കുഞ്ഞുങ്ങൾ എന്തെല്ലാമാണ് ചെയ്യേണ്ടതു എന്നു അടുത്ത ലക്കങ്ങളിൽ പറയാമെന്നു വിചാരിക്കുന്നു.

## ഈമാസത്തെ മദ്ധ്യസ്ഥൻ— വി. യെസ്സീന്തു്.

(തിരുനാൾ ആഗസ്റ്റ് 17.)

വി. ദൊമിനിക്കോസിൻെറ ഒരുത്തമശിഷ്യനായ ഈ വിശുദ്ധൻ തൻെറ ഗുരുവിനെപ്പോലെ ജ്ഞാനതീക്ഷ്ണതയി'ലും, ആശാനിഗ്രഹത്തിലും, മറിയഭക്തിയിലും പ്രശോഭിച്ചിരുന്നഒരുദേഹമാണ്. 1185-ൽ പോളണ്ടിൽ ജാതനായ വി. യസ്സീന്തു് പഠനങ്ങളെല്ലാം പ്രശസ്തമായവിധം നിൎവ്വഹിച്ചശേഷം ഗുരുപ്പട്ടം സ്വീകരിച്ചു. 33-ാമത്തെ വയസ്സിൽ തൻെറ മാതുലനായ ക്രാക്കോയിലെ മെത്രാനൊരുമിച്ച് റോമ്മിലേക്കു ഒരു തിരുയാത്രകഴിച്ചയവസരത്തിൽ റോമിൽവച്ച് വി. ദൊമ്മിനിക്കോസിനെ കാണുകയും അദ്ദേഹത്താൽ സന്യാസസഭയിൽ സ്വീകരിക്കപ്പെടുകയും ചെയ്തു. നവസന്യാസകാലം സ്തുത്യൎഹമാംവണ്ണം നിൎവ്വഹിച്ചതിനാൽ കാലതാമസംക്രൂടാതെ വേദപ്രചരണാൎത്ഥം പ്രയത്നിക്കുന്നതിനായി സ്വദേശത്തേക്കു തന്നെ യാത്രയാക്കപ്പെട്ടു. അവിടെയും മറ്റു ഉത്തര പ്രദേശങ്ങളിലും അദ്ദേഹം ചെയ്ത ശ്രമങ്ങളുടെ ഫലമായി അനേകർ മാനസാന്തരപ്പെടുകയും, സ്വന്തകരങ്ങളാൽ തന്നെ 120,000 പേരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്നും റഷ്യായുടെയും പോളണ്ടിൻെറയും ശ്ലീഹായായി ഗണിക്കപ്പെട്ടും വരുന്നു. കീവ് പട്ടണത്തെ താൎത്തരന്മാർ ആക്രമിക്കയിൽ, ഒരു കയ്യിൽ വി. കുർബാനയോടുകൂടിയ ഒരു കുസ്തോദിയും, മറേറക്കയ്യിൽ ദേവമാതാവിൻെറ ഒരു സ്വരൂപവും വഹിച്ചുകൊണ്ട് പട്ടണത്തെ ദഹിപ്പിച്ചിരുന്ന അഗ്നിജ്വാലയുടെ മദ്ധ്യേക്രൂടെ യാതൊരപകടവും ക്രൂടാതെ കടന്നു രക്ഷപെട്ടു. മറിയഭക്തനായ ഈ വിശുദ്ധൻ 1257-ൽ നിൎയ്യാതനായി.

നമ്മുടെ സകല പരിശ്രമങ്ങളും ദൈവശുശ്രൂഷക്കായിട്ടു നിയോഗിക്കണമെന്നും, നമ്മുടെ ഉദ്ദേശ്യസാദ്ധ്യത്തിനു സ്വന്തം പരിശ്രമത്തിലല്ല, പരി. ദേവമാതാവിൻെറ പ്രാൎത്ഥനയിലാണ് നാം ആശ്രയിക്കേണ്ടതെന്നും ഈ വിശുദ്ധൻ നമ്മേ പഠിപ്പിക്കുന്നു. ഞങ്ങളുടെ നല്ല മദ്ധ്യസ്ഥനായ വിശുദ്ധ യസ്സീന്തെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

# പുസ്തകാഭിപ്രായം.

1. "ആത്മികസമരം"

(ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മേൽ, വരാപ്പുഴ. വില 14 ണ.)

ഈ വിശിഷ്ടഗ്രന്ഥത്തിൻെറ കൎത്താവ്, തെയത്തീൻ സഭയിൽ ചേൎന്ന ബ. ലൊറെൻസ്' സ്കൂപ്പൊലി എന്ന സന്യാസ ഗുരുവാണ്. ആത്മാവുകളെ പുണ്യപൂൎണ്ണതയിലേക്കു നയിച്ചുകൊണ്ടുപോകുവാൻ നല്ല പരിജ്ഞാനമുള്ളവനും സമൎത്ഥനുമായിരുന്ന ഇദ്ദേഹം, ലോകം പിശാച് ശരീരം എന്നീമൂന്നു ശത്രുക്കളെയും തിന്മയ്ക്കു ചാഞ്ഞിരിക്കുന്ന ദുർമനസ്സിനെയും ജയിച്ചടക്കുവാൻ ഈ'ആത്മിക സമര'ത്തിൽ ദൈവഭക്തരെ അഭ്യസിപ്പിക്കുന്നു. "ക്രിസ്റ്റാനുകരണം" എന്ന പുസ്തകത്തോടു കിടപിടിക്കത്തക്ക

ഈ വിശിഷ്ടഗ്രന്ഥത്തെപററി വിശുദ്ധ ഫ്രാംസീസ്സോസ് ദെസാലെസ് പറയുന്നതു്, "ഇതു ക്രിസ്സാനുകരണത്തിനു തുല്യമാണു്. പല വിഷയങ്ങളിൽ അതിനേക്കാൾ ശ്രേഷ്ടമത്രേ' എന്നാകുന്നു. ഗ്രന്ഥകത്താവു് 1610 നവംബർ 28-ൽ നെയാപ്പോലി പട്ടണത്തിൽവച്ചു തന്റെ 80-ാമത്തെ വയസ്സിൽ നിര്യാതനായെങ്കിലും "ആത്മികസമരം" മൂലപ്രതി 50 പതിപ്പുകളും ചിലവായതിൽനിന്നു് ഇതിന്റെ പ്രചാരവും പ്രാധാന്യവും ഇന്നും ഉത്തരോത്തരം വധിച്ചുതന്നെ വരുന്നു എന്നു സ്പഷ്ടമാണു്. മൂലപ്രതി ആയ ഇററാല്യനിൽനിന്നു ഫ്രഞ്ചു്, ഇംഗ്ലീഷ് മുതലായ ഭാഷകളിലേക്കു ഇതു വിവത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. ഫ്രഞ്ചുഭാഷയിൽനിന്നു് തമിഴിലേക്കുള്ള വിവത്തനത്തിൽനിന്നത്രേ റവ. ബ്രദർ ജോസഫ് ടി. ഒ. സി. ഡി. അവർകൾ മലയാളത്തിലേക്ക് ഈ അമൂല്യഗ്രന്ഥം തജ്ജമ ചെയ്തിരിക്കുന്നതു്. "ക്രിസ്സാനുകരണം" എന്ന പുസ്തകത്തിനു തുല്യമായ ഈ നല്ല പുസ്തകത്തെ കേരളീയരുടെ ഉപയോഗത്തിന്നായി തജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയ റവ.ബ്രദർ ജോസെഫിനെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്ന ക്രിസ്സാനുകണത്തിന്റെ ആകൃതിയിൽ 60 അദ്ധ്യായങ്ങൾ അടങ്ങിയ ഈ പുസ്തകത്തിനു വില 14 ണ. മാത്രമാണു്. ആവശ്യക്കാർ താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കണം.

റവ. ബ്രദർ ജോസെഫ് ടി. ഒ. സി. ഡി.
മഞ്ഞുമ്മെൽ ആശ്രമം.
വരാപ്പുഴ, തിരുവിതാംകൂർ.

## 2. ക്രിസ്തീയ കീത്തന മഞ്ജരി.

എങ്ങണ്ടിയൂർ മി. എ. ററി. ദേവസ്സി എഴുതിയ കീത്തനമഞ്ജരി, ഗ്രന്ഥകത്താവിന്റെ മററു കൃതികളേപ്പോലെ തന്നെ നന്നായിട്ടുണ്ടു്. ഈ പുസ്തകത്തലെ 30 കീത്തനങ്ങളിൽ പലതും കുസുമത്തിലും മററു കത്തോലിക്കാ മാസികകളിലും പ്രസിദ്ധം ചെയ്തിട്ടുള്ളതുകളാണു്. എന്നാൽ എല്ലാംകൂടി ഒന്നിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്നതു് കീത്തനരസം ആസ്വദിക്കുന്നതിന്നു് ആഗ്രഹമുള്ളവക്ക് ഒരനുഗ്രഹമായിട്ടുണ്ടു്. ഈ പുസ്തകത്തിനു മൂന്നണ മാത്രം വില വച്ചിരിക്കുന്നതു ഇതു എല്ലാവരും വാങ്ങി വായിക്കണം എന്നുള്ള അഭിപ്രായം ഒന്നുകൊണ്ടു മാത്രമായിരിക്കണം.

അപേക്ഷിക്കേണ്ടും മേൽവിലാസം:-

മി. എ. ററി. ദേവസ്സി,
എങ്ങണ്ടിയൂർ, P. O. തളിക്കുളം,
ബ്രി. മലബാർ.

# വത്തമാന സംഗ്രഹം.

ലിവർപൂളിലെ കത്തീഡ്രൽ- ഇംഗ്ലണ്ടിലെ ലിവർപൂൾ പട്ടണത്തിൽ ഒരു ബ്രഹ്മാണ്ഡമായ കത്തീഡ്രൽ പണികഴിക്കാൻ ഇംഗ്ലീഷ് കത്തോലിക്കർ തീർച്ചയാക്കിയിരിക്കുന്നു. റോമ്മിലെ വി. പത്രോസിന്റെ ദേവാലയം കഴിഞ്ഞാൽ ലോകത്തിലേക്കും ഏററം വലിയ ദേവാലയം ഈ കത്തീഡ്രൽ ആയിരിക്കും.

പുതിയ കർദ്ദിനാളന്മാർ- കഴിഞ്ഞ മാസാരംഭത്തിൽ പരിശുദ്ധ പിതാവു അഞ്ചു കർദ്ദിനാളന്മാരെ പുതുതായി നിയമിച്ചിരിക്കുന്നു. ഈ ശ്രേഷ്ഠവൈദികന്മാർ പ്രോപ്പഗാന്ത തിരുസംഘത്തിന്റെ സെക്രട്ടറി മക്കേത്തി മെത്രാപ്പോലീത്താ, കൊൻസിസ്റ്ററി തിരുസംഘത്തിന്റെ അസ്സെസ്സർ റോസി മെത്രാപ്പോലീത്താ, സൂനഹദോസിന്റെ തിരുസംഘ സെക്രട്ടറി സൊപ്പീനി മെത്രാൻ, ഫ്രാൻസിൽ ലില്ലായിലെ ലെയിനാ മെത്രാൻ, ബ്രസീലിൽ റിയൊഡ് ജനേയിരോവിലെ ചിന്ത്രാ മെത്രാപ്പോലീത്താ എന്നിവരാണു്.

ഇൻഡ്യയുടെ ഡലിഗെററ് അപ്പസ്തോലിക്ക— റോമ്മായിലേക്കു പുറപ്പെട്ടിരിക്കുന്ന ഡലിഗെററു അപ്പ. മൊൻസി. മൂണി തിരുമനസ്സുകൊണ്ടു റോമ്മിൽ എത്തി വടക്കേ അമേരിക്കൻ കോളജിൽ താമസിച്ചുവരുന്നു. പരിശുദ്ധ പിതാവിനെ മുഖം കാണിച്ച അവസരത്തിൽ പരിശുദ്ധപിതാവു് ഇൻഡ്യയിലെ സ്ഥിതിഗതികളെപ്പററി പലതും കല്പിച്ചുചോദിച്ചതായി കാണുന്നു. മൊൻസിഞ്ഞോർ മൂണി രുഒ പക്ഷെ ഐക്യനാടുകളിലേക്കു വിശ്രമാർത്ഥം പോകുവാനിടയുണ്ടു.

കർദ്ദിനാൾ വനുത്തെല്ലി— 94 വയസ്സുപ്രായമുണ്ടായിരുന്ന അ. ഉ. കർദ്ദിനാൾ വനുത്തെല്ലി ജൂലായി 9-ാംനു- കാലം ചെയ്തിരിക്കുന്നു. മരിക്കുന്നതിനു കുറേദിവസങ്ങൾക്കുമുമ്പുവരെ ചുമതലയേറിയ പല ജോലികളും നിർവ്വഹിക്കത്തക്ക ആരോഗ്യം ഇദ്ദേഹത്തിനുണ്ടായിരുന്നു. കർദ്ദിനാൾ വനുത്തെല്ലിയാണു് വെസ്റ്റ്മിൻസ്റ്ററിൽവച്ചുകൂടിയ വി. കുർബാനയുടെ സർവ്വരാജ്യസമ്മേളനത്തിൽ പരിശുദ്ധ പിതാവിൻെറ സ്ഥാനപതിയായി അദ്ധ്യക്ഷം വഹിച്ചതു്.

R. I. P.

റീജൻറു് മഹാറാണി തിരുമനസ്സിലെ ഒരുചിതകൃത്യം— ജന്തുബലി, പൂരപ്പാട്ടു ആദിയായ പൈശാചിക കൃത്യങ്ങൾ നിറുത്തലാക്കിയ റീജൻറു് മഹാറാണി ഇയ്യിടെ പ്രസിദ്ധീകരിച്ച ഒരു വിളംബരംമൂലം ചില അമ്പലങ്ങളിൽ നടപ്പിലിരുന്ന ദേവദാസി സമ്പ്രദായം നിറുത്തലാക്കിയിരിക്കുന്നു. ദേവസ്ഥാനത്തോടനുബന്ധിച്ച പല അഴിമതികൾക്കും കാരണമായിരുന്ന ഈ സമ്പ്രദായം നിറുത്തലാക്കിയ റീജൻറു് മഹാറാണിയുടെ സന്മാർഗ്ഗബോധത്തെ എത്ര പുകഴ്ത്തിയാലും മതിയാകയില്ല.

---

## മനോഗുണവിവരങ്ങൾ.

ഈ ചുരുക്കമായി ഈവിധവിവരണങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചു അപേക്ഷിക്കണം.

ഈ. തി. ഹൃദയ കാരുണ്യത്താലും വി. അന്തോനീസിൻെറ മാദ്ധ്യസ്ഥത്താലും അഗ്രഹിച്ചസംഗതികൾക്കു അനുഗ്രഹീതമാകുംവണ്ണം ഫലസിദ്ധിയുണ്ടായതിനു്. വി. പി. എ. ചേന്നമംഗലം.

ഞാൻ വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഈ കഴിഞ്ഞ പരീക്ഷകൾ രണ്ടിനും വിജയിയായതിനുപകാരസ്മരണ. എം. ഇ. ഇരവിമംഗലം, കടുത്തുരുത്തി.

തിരുഹൃദയത്തിൻെറ അനുഗ്രഹത്താൽ അങ്ങേക്കു പ്രതിഷ്ഠിതമായ മിഥുനമാസത്തിൽ തന്നെ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു്, എം. ജെ. ജോസഫ്, മൂവാററുപുഴ.

വി. ചെറുപുഷ്പത്തിൻെറ സഹായത്താൽ ഈ കഴിഞ്ഞ വി. എസ്. എൽ. സി. പരീക്ഷയിൽ വിജയം സിദ്ധിച്ചതിനു ഉപകാരസ്മരണ.

വി. ഡി. ത്രേസ്യാ, കെ. എ. മേറി, എൻ. വി. മറിയം, മുത്തോലി.

എന്നെ ഉപദ്രവിച്ചുകൊണ്ടിരുന്ന നെഞ്ചുവേദനയും, കാലിലെ വ്രണവും മററു സുഖക്കേടുകളും തിരുക്കുടുംബത്തിൻെറ പ്രത്യേക മാദ്ധ്യസ്ഥംമൂലം വളരെ എളുപ്പത്തിൽ സുഖപ്പെട്ടതിനു്.

കെ. ഫ്രാൻസിസു് പുല്ലുവിള, നെയ്യാററിങ്കര.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ഡ്റായിംഗ് പരീക്ഷയിൽ ജയിച്ചതിനു ഉപകാരസ്മരണ.

എം. കന്യകാമഠം, വൈക്കം.

മാന്നാനത്തു വി. യൌസേപ്പുപിതാവിൻെറയും, കാലംചെയ്ത കുഴ്ഷ്ലാളശ്ശേരി മാർത്തോമ്മാ മെത്രാനച്ചൻെറയും സഹായത്താൽ വിചാരിച്ചകാര്യം സാധിച്ചതിനു്. പി. ററി. ററി., ഇലഞ്ഞി.

---

Printed and Published for the Proprietor by P. K. Joseph at
the St. Joseph's Press, Mannanam, 1930.